മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 51 | THE ONLINE OFFICIAL NEWS BULLETIN | 2025 December 18

SEASON OF THE ANNUNCIATION ❦ അറിയിപ്പുകാലം ❦ ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
21 ♪8 Sunday before the Feast of Nativity ✝ Martyrdom of St. Thomas the Apostle (Apostle of India)	22 ♪4	23 ♪8 24th Mem. of N.K.Koruthu Malpanachan (Vadavukodu)	24 ♪4	25 ♪1 Yeldo (Christmas) The Feast of Nativity of our Lord ✝	26 ♪1 Nusrotho/Kuloso Glorification of St. Mary, the Mother of God 39th Memorial of Yacob Mar Policarpos Metropolitan ✠ (Koratty Zion Seminary)	27 ♪8 Qetlo d-Yalude Massacre of the Holy Infants



വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയ പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ 97-ാം ഓർമ്മപ്പെരുന്നാൾ ആചരിച്ചു. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ മുഖ്യ കാർമ്മികനായിരുന്നു.



കേരള മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ക്രിസ്തുമസ് - പുതുവത്സര സ്നേഹസംഗമത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പങ്കെടുത്തു.



ഡോ. സിസാ തോമസ് കേരള സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ

തിരുവനന്തപുരം: ഡോ. സിസാ തോമസ് കേരള സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറായി ചുമതലയേറ്റു.

നിലവിൽ കേരള ഡിജിറ്റൽ സർവകലാശാലയുടെ വൈസ് ചാൻസലറായി (താൽക്കാലിക ചുമതല) സേവനം അനുഷ്ഠിച്ചുവരികയായിരുന്നു. കേരള സർവകലാശാലയുടെ വൈസ് ചാൻസലർ (താൽക്കാലിക ചുമതല), സാങ്കേതിക സർവകലാശാല (കെടിയു) വൈസ് ചാൻസലർ (താൽക്കാലിക ചുമതല), കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ എന്നീ സ്ഥാനങ്ങളിലും മുമ്പ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

തേവലക്കര കൊച്ചുകുളങ്ങര പുതുവീട്ടിൽ തരകൻ കുടുംബാംഗം തറവാട്ടിൽ ഡോ. ജോൺ റ്റി. തരകന്റെ (ISRO) സഹധർമിണിയാണ്. മാവേലിക്കര പത്തിച്ചിറ മാമൂട്ടിൽ പരേതനായ എം. സി. തോമസിന്റെയും അക്കാമ്മ തോമസിന്റെയും മകളാണ്. ഇപ്പോൾ തിരുവനന്തപുരം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്.

വിദ്യാർഥികൾ നിർമിച്ച റോക്കറ്റ് വിക്ഷേപിച്ചു


പീരുമേട്: മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ വിദ്യാർഥികൾ നിർമിച്ച റോക്കറ്റ് വിക്ഷേപിച്ചു. കോളജിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർഥികൾ നിർമിച്ച ടെക്നോളജി ഡെമോൺസ്ട്രേറ്റർ റോക്കറ്റ് ബസിലിയൻ-01 ഇന്ന് രാവിലെ 10.30-നു കോളജ് ഗ്രൗണ്ടിൽ നിന്നു വിക്ഷേപിച്ചു. കേരളത്തിൽ ആദ്യമായാണ് ഒരു വിദ്യാഭ്യാസ സ്ഥാപനം പഠനത്തിന്റെ ഭാഗമായി വിദ്യാർഥികളുടെ പൂർണ പങ്കാളിത്തത്തോടെ റോക്കറ്റ് നിർമിക്കുന്നതെന്നു കോളജ് മാനേജ്മെന്റ് അറിയിച്ചു. രണ്ടരക്കിലോ ഭാരമുണ്ട് റോക്കറ്റിന്. സമുദ്രനിരപ്പിൽ നിന്ന് 2 കിലോമീറ്റർ വരെ ഉയരത്തിൽ എത്തുന്ന റോക്കറ്റ്, പാരഷൂട്ട് വിടർത്തിയാകും തിരിച്ചെത്തിക്കുക.

സുഗന്ധവ്യഞ്ജനങ്ങൾ നന്നായി വളർത്തിയെടുക്കാൻ സഹായിക്കുന്ന അന്തരീക്ഷ കണികയായ എയറോസോളിനെക്കുറിച്ചുള്ള പഠനവും കുട്ടിക്കാനത്തെ അന്തരീക്ഷ താപനിലയുടെ പഠനവും റോക്കറ്റ് വിക്ഷേപണത്തിലൂടെ സാധ്യമാകും. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സിവിൽ എൻജിനീയറിങ് എന്നിവയുൾപ്പെടുന്ന വിവിധ വകുപ്പുകളിലെ വിദ്യാർഥികൾ ചേർന്നാണ് റോക്കറ്റിന്റെ രൂപകൽപനയും നിർമാണവും പരീക്ഷണഘട്ടങ്ങളും പൂർത്തിയാക്കിയത്. ഐഎസ്ആർഒയിലെ മുൻ ശാസ്ത്രജ്ഞനും കോളജിന്റെ ഗവേഷണ വിഭാഗം ഡീനുമായ ഡോ. ഉമ്മൻ തരകന്റെ നേതൃത്വത്തിലാണു പദ്ധതി യാഥാർഥ്യമായത്. ഗ്രൗണ്ട് സ്റ്റേഷനിലൂടെ നിയന്ത്രണവും ഡേറ്റ ശേഖരണം നടത്താൻ കഴിയുന്ന സംവിധാനവും വിദ്യാർഥികൾ ഒരുക്കിയിട്ടുണ്ട്.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



1957 മാർച്ച്

26 ചൊവ്വ. കാതോലിക്കേറ്റ് അരമന. പരുമല നിന്നും മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിൽ വി. കുർബ്ബാന ചൊല്ലുന്നതിനായി പോയി. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു. മൂലവട്ടം അബ്രഹാം കത്തനാർ പോകയും ചെയ്തു.

27 ബുധൻ. കാതോലിക്കേറ്റ് അരമന. ഇന്ന് പകുതിനോമ്പ് ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും നാം ശുശ്രൂഷകൾ നടത്തുകയും ചെയ്തു. കുർബ്ബാനയിൽ സംബന്ധിക്കയും ചെയ്തു. പത്തര മണിയോടുകൂടി തിരുവല്ല എം.ജി.എം. ഹൈസ്കൂളിലെ ജൂബിലി ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നതിനായി പോകയും പതിനൊന്നര മണിയോടു കൂടി ബഥനി അരമനയിൽ ചെല്ലുകയും ലുത്തിനിയാ കഴിഞ്ഞ് വിശ്രമിച്ചു. ദീവന്നാസിയോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും മാർത്തോമ്മാ സഭയിലെ അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ജൂബിലി ചടങ്ങുകളിൽ സംബന്ധിച്ചു. അഞ്ചര മണിക്ക് നാം ജൂബിലി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ ഡയറക്ടറുടെ പ്രസംഗം കഴിഞ്ഞ ഉടനെതന്നെ തിരിച്ച് ബഥനി അരമനയിൽ വരികയും നമസ്കാരം കഴിഞ്ഞശേഷം ദേവലോകം അരമനയിൽ എട്ടു മണിയോടു കൂടി വന്നുചേരുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടുകൂടി താമസിച്ചു.

28 വ്യാഴം. കാതോലിക്കേറ്റ് അരമന. ഇന്ന് പാമ്പാടി തിരുമേനിക്ക് റൂമേനിയൻ പാത്രിയർക്കീസ് കൊടുത്തയച്ചതായ സാധനങ്ങൾ മെത്രാച്ചന്റെ കൂടെ നിൽക്കുന്ന ശെമ്മാശൻ വശം കൊടുത്തയച്ചു. മല്പാൻ യോഹന്നാൻ കത്തനാരും കൂടെ പോയി മെത്രാച്ചന്റെ വർത്തമാനങ്ങൾ അറിഞ്ഞശേഷം തിരികെ സന്ധ്യാനമസ്കാരം കഴിഞ്ഞ് വന്നു. മത്തായി കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

29 വെള്ളി. പഴയസെമിനാരി മാനേജർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിൽ വി. കുർബ്ബാന ചൊല്ലുന്നതിനായി പോയി. മാവേലിക്കര പറമ്പിലെ സ്കറിയാ കത്തനാരും മാത്യു വക്കീലും വന്ന് സ്കൂൾ സംബന്ധമായ കാര്യങ്ങൾ പറഞ്ഞു. ദാനിയേലിനെ പുതുശ്ശേരിയിലെ ഹെഡ്മാസ്റ്ററായി നിയമിക്കുന്ന കാര്യവും അറിയിച്ചു. യോഹന്നാൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

30 ശനി. കാതോലിക്കേറ്റ് അരമന. ഇന്ന് പ്രഭാത നമസ്കാരത്തോടുകൂടി മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. എം.ഡി. സെമിനാരിയുടെ സ്ഥലം സംബന്ധിച്ച കാര്യങ്ങൾ നമ്മെ അറിയിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ പട്ടംകൊട സംബന്ധിച്ചു അമയന്നൂർക്ക് പോയി. കുറ്റിയിൽ യോഹന്നാൻ കത്തനാർ വന്നിരുന്നു.

31 ഞായർ. കാതോലിക്കേറ്റ് അരമന. ഇന്ന് ക്ഫിപ്ത്തൊ ഞായറാഴ്ച ആയിരുന്നു. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ അര മണിക്കൂർ പ്രസംഗിക്കുകയുണ്ടായി. പത്തര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ പട്ടംകൊടയിൽ സംബന്ധിച്ചശേഷം വന്ന് നമ്മോടു കൂടി താമസിച്ചു.

1957 ഏപ്രിൽ

1. തിങ്കൾ. കാതോലിക്കേറ്റ് അരമന. 11 മണിയോടു കൂടി ദീവന്നാസിയോസ് മെത്രാച്ചൻ വന്നിരുന്നു. കോലഞ്ചേരി ഗീവർഗീസ് മല്പാന്റെ കന്തീലാ ശുശ്രൂഷ നടത്താൻ പോകുകയാണെന്ന് നമ്മെ അറിയിച്ചു. മല്പാൻ യോഹന്നാൻ കത്തനാരെ കൂടി നാം മെത്രാച്ചന്റെ കൂടെ അയച്ചു. രാത്രി ഒമ്പതു മണിയോടു കൂടി ശുശ്രൂഷകൾ കഴിഞ്ഞശേഷം വന്ന് വിവരം നമ്മെ അറിയിച്ചു. മേശ കഴിഞ്ഞ ശേഷം തിരുവല്ലായ്ക്കു പോകയും ചെയ്തു.

2 ചൊവ്വ. കാതോലിക്കേറ്റ് അരമന. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. അർമ്മേനിയൻ ബിഷപ്പ് വരുന്ന കാര്യത്തെപ്പറ്റി നമ്മെ അറിയിച്ചു. തകടിയിൽ യാക്കോബ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

3 ബുധൻ. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ ഉവിടെ ഉണ്ടായിരുന്നു. മത്തായി കത്തനാർ വന്നു. സുപ്രീംകോർട്ടിൽ നിന്ന് വീണ്ടും സ്റ്റേ അനുവദിച്ചു (ഏപ്രിൽ 22-നു വരെ).

4 വ്യാഴം. കാതോലിക്കേറ്റ് അരമന. നാം ഇന്നു രാവിലെ എട്ടു മണിയോടു കൂടി കോലഞ്ചേരി ഗീവർഗീസ് മല്പാനെ കാണുന്നതിനായി പോകയും പത്തര മണിയോടു കൂടി മൂവാറ്റുപുഴ അരമനയിൽ കയറി വിശ്രമിക്കുകയും ചെയ്തു. ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് അല്പം വിശ്രമിച്ച് മൂന്നര മണിയോടു കൂടി അവിടെനിന്നും കോലഞ്ചേരിക്കു പുറപ്പെട്ടു. നാലു മണിയോടുകൂടി അവിടെ ചെന്നു. ഒട്ടധികം ആളുകൾ അവിടെ സന്നിഹിതരായിരുന്നു. നാം പ്രത്യേക പ്രാർത്ഥന നടത്തിയശേഷം കാപ്പിമേശയും കഴിഞ്ഞ് നമ്മുടെ പെങ്ങളെ കാണുന്നതിനായി തൃപ്പൂണിത്തുറയ്ക്കു പോകുകയും അഞ്ചു മണിയോടു കൂടി തൃപ്പൂണിത്തുറയെത്തി പെങ്ങളെ കണ്ട് ഉടൻതന്നെ അവിടെ നിന്നും വൈക്കം വഴി

കോട്ടയത്തിനു പോന്നു. ആറു മണിയോടു കൂടി വണ്ടിയിൽ വച്ച് സൂത്താറ നമസ്കാരം നടത്തി. ഏഴു മണിയോടു കൂടി ദേവലോകത്തു വന്നുചേർന്നു. നമ്മുടെ കൂടെ പഴയസെമിനാരി മാനേജരും ഉണ്ടായിരുന്നു.

ഇന്ന് കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടുകൂടി താമസിച്ചു.

5 വെള്ളി. കാതോലിക്കേറ്റ് അരമന. ഈവാനിയോസ് മെത്രാച്ചൻ എം.ഡി.യിലെ സ്ഥലത്തിന്റെ കാര്യം കളക്ടറെ അറിയിക്കുന്നതിനും മറ്റുമായി ഇവിടെയുണ്ടായിരുന്നു. നാലു മണിയോടു കൂടി മെത്രാച്ചൻ പോയി. ഫീലിപ്പോസ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും ഇവിടെ ഉണ്ടായിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുന്നതിനായി നമ്മുടെ അനുവാദത്തോടു കൂടി പോയി.

6 ശനി. കാതോലിക്കേറ്റ് അരമന. രാവിലെ തന്നെ ഫീലിപ്പോസ് കത്തനാർ ബിഷപ്പ് പൊളാടിയനെ കൊണ്ടുവരുന്നതിനായി എറണാകുളത്തേക്കു പോകയും അഞ്ചര മണിയോടു കൂടി വന്നുചേരുകയും ചെയ്തു. ഒരു കത്തനാരും ഒരു ശെമ്മാശനും ബിഷപ്പിന്റെ കൂടെ ഉണ്ടായിരുന്നു. വന്ന് പള്ളിയും മറ്റും കണ്ടശേഷം അല്പസമയം സംസാരിക്കയും നമ്മോടു കൂടി താമസിക്കുകയും ചെയ്തു.

7. ഞായർ. ഇന്ന് 36-ാം ഞായറാഴ്ച (സമിയോ) ആയിരുന്നു. നാം നമസ്കാരത്തോടുകൂടി വി. കുർബ്ബാന അർപ്പിച്ചു. അതിനുശേഷം ബിഷപ്പ് കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ അര മണിക്കൂർ പ്രസംഗിച്ചു. മലയാളത്തിൽ ഫീലിപ്പോസ് കത്തനാർ പറഞ്ഞു. പതിനൊന്നര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു ഫീലിപ്പോസ് കത്തനാരും യോഹന്നാൻ കത്തനാരും കുർബ്ബാന അനുഭവിച്ചു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. കുർബ്ബാന കഴിഞ്ഞ് മേശ കഴിഞ്ഞ് ഫോട്ടോ എടുത്തു. ധാരാളം ആളുകൾ സംബന്ധിച്ചു.

നാലു മണിയോടു കൂടി പുത്തൻപള്ളിയിലേക്കു നാം പോയി. കാതോലിക്കാ ദിനാചരണം സംബന്ധിച്ച് ഒരു മീറ്റിംഗ് ഉണ്ടായിരുന്നു. മീറ്റിംഗിൽ നാം മുക്കാൽ മണിക്കൂർ പ്രസംഗിച്ചു. അതിനുശേഷം ബിഷപ്പ് പ്രസംഗിച്ചു. എം. വി. ജോർജ് കത്തനാരും പ്രസംഗിച്ചു. ആറു മണിയോടു കൂടി മീറ്റിംഗ് കഴിഞ്ഞ് നാം ദേവലോകത്തു വന്നുചേർന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. ബിഷപ്പ് നമ്മോടു കൂടി താമസിച്ചു.

8 തിങ്കൾ. കാതോലിക്കേറ്റ് അരമന. ബിഷപ്പും ഫീലിപ്പോസ് കത്തനാരും കൂടി പീരുമേട് സന്ദർശിക്കുന്നതിനായി പോയി. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. കുഴിമറ്റത്തു നിന്ന് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. ബിഷപ്പ് സന്ധ്യാനമസ്കാരത്തിനു മുമ്പ് വന്നു നമസ്കാരത്തിൽ സംബന്ധിച്ചു. അതിനുശേഷം അല്പസമയം നമ്മോടു സംസാരിച്ചു.

9. ചൊവ്വ. കാതോലിക്കേറ്റ് അരമന. രാവിലെ ആറു മണിയോടു കൂടി നമ്മുടെ ചില ഭദ്രാസനങ്ങൾ സന്ദർശിക്കുന്നതിനായി ബിഷപ്പ്, ദീവന്നാസിയോസ് മെത്രാച്ചന്റെ അരമനയിലേക്കു പോയി. ഫീലിപ്പോസ് കത്തനാരും സഖറിയാ ശെമ്മാശനും കൂടെ പോയിരുന്നു. മണലിൽ ജേക്കബ് കത്തനാരും പഴയസെമിനാരി മാനേജരും പാറയ്ക്കൽ കുറിയാക്കോസ് കത്തനാരും വന്നിരുന്നു. യോഹന്നാൻ കത്തനാരും മത്തായി കത്തനാരും ഇവിടെ ഉണ്ടായിരുന്നു.

10 ബുധൻ. കാതോലിക്കേറ്റ് അരമന. നമ്മുടെ അദ്ധ്യക്ഷതയിൽ ഒരു സുന്നഹദോസ് കൂടി. മാർ ദീവന്നാസിയോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു. സുന്നഹദോസിൽ ബിഷപ്പ് പോളാടിൻ ഉണ്ടായിരുന്നു. നാം അല്പസമയം പ്രസംഗിച്ചു. അതിനു മറുപടിയായി ബിഷപ്പ് അല്പനേരം പ്രസംഗിച്ചു. നാം അദ്ദേഹത്തിന് ഒരു മാല സമ്മാനിക്കുകയുണ്ടായി. അതിനുശേഷം സഭാസംബന്ധമായി അല്പസമയം ആലോചിച്ചു. പീലക്സിനോസ് മെത്രാച്ചനും നമ്മോടുകൂടി താമസിച്ചു.

11 വ്യാഴം. കാതോലിക്കേറ്റ് അരമന. 10 മണിയോടു കൂടി പീലക്സിനോസ് മെത്രാച്ചനും ബിഷപ്പും കൂടി ബോംബേയ്ക്കു പുറപ്പെടുന്നതിന് എറണാകുളത്തേയ്ക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാരും കൂടെ പോയിരുന്നു. നാം ബിഷപ്പിന് ഒരു മസ്നപ്സാ കൊടുത്തു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. ഒമ്പതു മണിയോടു കൂടി പൂർണ്ണ ശെമ്മാശ് പട്ടം കൊടുക്കുന്നവർക്കും കോറൂയോ പട്ടം കൊടുക്കുന്ന കൊച്ചനും നാം വേണ്ടതായ ഗുണദോഷം കൊടുത്തു. അതിനുശേഷം കോറൂയോ പട്ടം കൊടുക്കുന്ന കൊച്ചനു കുപ്പായം വാഴ്ത്തി കൊടുത്തു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

12 വെള്ളി. ഇന്ന് നാല്പതാം വെള്ളിയാഴ്ച ആയിരുന്നു. പള്ളത്ത് ശമുവേൽ ശെമ്മാശനും, ടി ചിറയിൽ തോമസ് ശെമ്മാശനും കൊല്ലാട്ട് കൊടുവത്ത് ജോൺ ശെമ്മാശനും നാം പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. കുട്ടമ്പേരിക്കാരന് കോറൂയോ പട്ടവും കൊടുത്തു. 10 മണിയോടുകൂടി കുർബ്ബാനയും കഴിഞ്ഞ് നാം അല്പനേരം വിശ്രമിച്ചു. മൂന്നു മണിയോടു കൂടി കഷ്ടാനുഭവ ആഴ്ച നടത്തുന്നതിനായി പരുമല സെമിനാരിയിലേക്കു പോന്നു. 5 മണിക്ക് പരുമല വന്നുചേർന്നു. നമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

13 ശനി. പരുമല സെമിനാരി. ഇന്ന് ലാസറിനെ ഉയിർപ്പിച്ച ദിവസം ആയിരുന്നു. റമ്പാച്ചനും മാത്യൂസ് കത്തനാരും അലക്സാണ്ടർ കത്തനാരും കൂടി കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു. നാലുമണിയോടു കൂടി റമ്പാച്ചൻ കഷ്ടാനുഭവ ആഴ്ച നടത്തുന്നതിനായി വളഞ്ഞവട്ടത്തിന് നമ്മുടെ അനുവാദത്തോടു കൂടി പോകയും ചെയ്തു.

14 ഞായർ. പരുമല. ഊശാന ഞായറാഴ്ച ആയിരുന്നു. നാം വി. കുർബ്ബാന അർപ്പിക്കയും മറ്റ് ശുശ്രൂഷകൾ നടത്തുകയും ചെയ്തു. പതിനൊന്നര മണിക്ക് എല്ലാം കഴിഞ്ഞ് നാം വിശ്രമിച്ചു. മാത്യൂസ് കത്തനാർ ഉണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ അല്പസമയം നാം പ്രസംഗിച്ചു. സന്ധ്യാനമസ്കാര സമയത്ത് ദീവന്നാസിയോസ് മെത്രാച്ചൻ വന്നു. ഉടനെ പോകയും ചെയ്തു.

15 തിങ്കൾ. പരുമല. ഹാശായുടെ തിങ്കളാഴ്ച ആയിരുന്നു. അതാത് യാമങ്ങളിൽ നമസ്കാരങ്ങളും മറ്റും നടത്തുകയും ചെയ്തു. മാനേജർ മാത്യൂസ് കത്തനാരും ഉണ്ടായിരുന്നു. നിരണം പള്ളി വികാരിയും ട്രസ്റ്റിയും കൂടി കേസിനുള്ള ആയിരം രൂപ കൊണ്ടുവന്നിരുന്നു. നാം അത് വാങ്ങിയില്ല. മെത്രാച്ചനെ ഏല്പിക്കാൻ കല്പിക്കയുണ്ടായി. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം സുഖമായി താമസിച്ചു.

16 ചൊവ്വ. പരുമല ഹാശായുടെ ചൊവ്വാഴ്ച ആയിരുന്നു. പതിവുപോലെയുള്ള നമസ്കാരങ്ങൾ നടത്തി. മാനേജർ മാത്യൂസ് കത്തനാർ ഉണ്ടായിരുന്നു.

17 ബുധൻ. പരുമല. ഹാശായുടെ ബുധനാഴ്ച ആയിരുന്നു. പതിവുപോലെ നമസ്കാരങ്ങൾ നടത്തി. ഉമ്മൻ കത്തനാർ വന്ന് കാതോലിക്കാ ദിനപ്പിരിവും മറ്റും നമ്മെ ഏല്പിച്ചു. സന്ധ്യാ നമസ്കാരം കഴിഞ്ഞപ്പോൾ കോരുത് ജഡ്ജി വന്ന് മകന്റെ കല്യാണത്തെപ്പറ്റി നമ്മെ അറിയിച്ചു. മാനേജർ നമ്മോടുകൂടെ ഉണ്ടായിരുന്നു.

18 വ്യാഴം. പരുമല. പെസഹാ വ്യാഴാഴ്ച ആയിരുന്നു. രാത്രി 3 മണിയോടു കൂടി നമസ്കാരം ആരംഭിക്കുകയും തുടർന്ന് വി. കുർബ്ബാന നാം അർപ്പിക്കുകയും ചെയ്തു. കുർബ്ബാന കൊടുക്കുന്നതിനായി മാത്യൂസ് കത്തനാരെ ഭരമേല്പിക്കുകയുണ്ടായി. പകൽ രണ്ടു മണിയോടു കൂടി നമസ്കാരങ്ങളും അതിനെ തുടർന്ന് കാലു കഴുകൽ ശുശ്രൂഷയും മറ്റും ഉണ്ടായിരുന്നു. നാം അര മണിക്കൂർ പ്രസംഗിച്ചു. അനവധി ആളുകളും സംബന്ധിച്ചിരുന്നു (കത്തനാര് 3 പേർ, ശെമ്മാശു 3, അയ്മേനികൾ 6). 5 മണിയോടുകൂടി ശുശ്രൂഷ കഴിഞ്ഞ് നാം സുഖമായി താമസിച്ചു.

19 വെള്ളി. പരുമല. ദുഃഖവെള്ളിയാഴ്ച ആയിരുന്നു. എട്ടു മണിയോടു കൂടി നമസ്കാരം ആരംഭിച്ചു. അതിനുശേഷം ഈപ്പൻ ശെമ്മാശൻ പ്രസംഗിക്കയും അതിനുശേഷം ഉച്ചനമസ്കാരവും പ്രദക്ഷിണവും നടത്തുകയും ചെയ്തു. അതു കഴിഞ്ഞ് നാം ഒരു പ്രസംഗം പറകയുണ്ടായി. നാലു മണിയോടു കൂടി മറ്റ് ശുശ്രൂഷകളും കഴിഞ്ഞു നാം വിശ്രമിച്ചു.

20 ശനി. പരുമല. ദുഃഖശനിയാഴ്ച ആയിരുന്നു. ലാസറിനെ ഉയിർപ്പിച്ച ദിവസം. 12 മണിയോടു കൂടി നമസ്കാരവും അതിനെ തുടർന്ന് മാത്യൂസ് കത്തനാർ കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് നാം അര മണിക്കൂർ പ്രസംഗിക്കയും തുടർന്ന് ശുബുക്കോനോ ശുശ്രൂഷ ആരംഭിക്കയും രണ്ടു മണിയോടു കൂടി ശുശ്രൂഷകൾ കഴിഞ്ഞ് നാം വിശ്രമിച്ചു.

21 ഞായർ. പരുമല. ഉയിർപ്പ് ഞായറാഴ്ച ആയിരുന്നു. രാത്രി രണ്ടുമണിയോടുകൂടി നമസ്കാരം ആരംഭിക്കയും തുടർന്ന് നാം വി. കുർബ്ബാന ആരംഭിക്കയും സ്ലീബാ വന്ദനവ് ശുശ്രൂഷ ആരംഭിക്കയും ചെയ്തു. കുർബ്ബാന കഴിഞ്ഞ് നാം അര മണിക്കൂർ പ്രസംഗിച്ചു. ഏഴു മണിയോടുകൂടി കുർബ്ബാന കഴിഞ്ഞ് ധൂപപ്രാർത്ഥനയും കഴിഞ്ഞ് നാം വിശ്രമിച്ചു. മാത്യൂസ് കത്തനാർ നമ്മോടു കൂടി ഉണ്ടായിരുന്നു. 12 മണിയോടു കൂടി റമ്പാച്ചനും വന്നുചേർന്നു. നാം സുഖമായി താമസിച്ചു.

22 തിങ്കൾ. പരുമല. ഹേവോറെ തിങ്കളാഴ്ച ആയിരുന്നു. രാവിലെ വി. കുർബ്ബാന ഉണ്ടായിരുന്നു. ഒമ്പതര മണിയോടു കൂടി പരുമല സെമിനാരിയിൽ നിന്നും ദേവലോകം അരമനയിലേക്കു പുറപ്പെട്ടു. പതിനൊന്നര മണിയോടു കൂടി വന്നുചേർന്നു. നാലു മണിയോടു കൂടി ഓഫീസിന്റെ ഉദ്ഘാടന ചടങ്ങുകൾ ആരംഭിച്ചു. നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് ആരംഭിച്ചു. ദീവന്നാസിയോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും, ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു. ബിൽ ഹെയിമർ (WCC Associate General Secretary) ആണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. ദീവന്നാസിയോസ് മെത്രാച്ചൻ അല്പസമയം പ്രസംഗിച്ചു. അഞ്ചു മണിയോടു കൂടി ചടങ്ങുകൾ അവസാനിച്ചു. അനവധി ആളുകൾ ഉണ്ടായിരുന്നു. ചായസൽക്കാരശേഷം യോഗം പര്യവസാനിച്ചു.

23 ചൊവ്വ. കാതോലിക്കേറ്റ് അരമന. ഹേവോറൊ ചൊവ്വാഴ്ച ആയിരുന്നു. നമസ്കാരത്തോടു കൂടി മത്തായി കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരി മാനേജരും വന്നിരുന്നു. കേസിന്റെ കാര്യങ്ങളെപ്പറ്റി നമ്മെ അറിയിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

24 ബുധൻ. കാതോലിക്കേറ്റ് അരമന. നമസ്കാരത്തോടു കൂടി മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിക്കയും കുർബ്ബാന കഴിഞ്ഞ് നാം മാളിയേക്കൽ കുട്ടിയപ്പന്റെ കുട്ടിയെ മാമോദീസാ മുക്കുകയും ഉടനെതന്നെ ഓഫീസിന്റെ കൂദാശാകർമ്മം നാം നടത്തുകയും ചെയ്തു. ഫീലിപ്പോസ് കത്തനാരും മത്തായി കത്തനാരും ഉണ്ടായിരുന്നു. മത്തായി കത്തനാർ നമ്മുടെ അനുവാദത്തോടു കൂടി പള്ളം പള്ളിയിൽ പോയി.

25 വ്യാഴം. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. തുമ്പമൺ നിന്ന് ശമുവേൽ കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ പള്ളം പള്ളിയിലെ പെരുന്നാളിൽ സംബന്ധിക്കുന്നതിനായി പോയി. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

26 വെള്ളി. കാതോലിക്കേറ്റ് അരമന. തൃശൂർ കോൺഫ്രൻസിൽ സംബന്ധിക്കുന്നതിനായി നാം രണ്ടര മണിയോടു കൂടി ദേവലോകത്തു നിന്ന് തിരിച്ച് അഞ്ചു മണിയോടു കൂടി എറണാകുളം പള്ളിയിൽ എത്തി വിശ്രമിച്ചു. അന്ന് അവിടെ താമസിച്ചു. അവിടെ മണലിൽ യാക്കോബ് കത്തനാർ ഉണ്ടായിരുന്നു. നാം സുഖമായി അവിടെ താമസിച്ചു.

27 ശനി. തൃശൂർ. രാവിലെ എട്ടു മണിയോടു കൂടി എറണാകുളത്തുനിന്നും തൃശൂരിലേക്കു തിരിച്ചു. പത്തര മണിയോടു കൂടി ഇ. ജെ. കുരുവിളയുടെ ഭവനത്തിൽ എത്തി. തേവോദോസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും കോൺഫ്രൻസിൽ സംബന്ധിക്കുന്നതിനായി വന്നിട്ടുണ്ടായിരുന്നു. നാം ആറു മണിയോടു കൂടി പള്ളിയിലേക്കു തിരിച്ച് സന്ധ്യാനമസ്കാരം നടത്തി. നമസ്കാരം കഴിഞ്ഞ് കുരുവിളയുടെ ഭവനത്തിൽ എത്തി അവിടെ താമസിച്ചു. പീലക്സിനോസ് മെത്രാച്ചനും, തേവോദോസ്യോസ് മെത്രാച്ചനും നമ്മോടു കൂടി താമസിച്ചു.

28 ഞായർ. തൃശൂർ. രാവിലെ ഏഴു മണിയോടു കൂടി നാം തൃശൂർ പള്ളിയിൽ എത്തി. നാം വി. കുർബ്ബാന അർപ്പിക്കയും ചെയ്തു. കുർബ്ബാനയിൽ തേവോദോസ്യോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും അനേകം വൈദികരും സംബന്ധിച്ചിരുന്നു. പത്തര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. കുരുവിളയുടെ വീട്ടിൽ എത്തി നാം വിശ്രമിച്ചു. നാലു മണിയോടു കൂടി കോൺഫ്രൻസിന്റെ വാർഷിക സമ്മേളനം ആരംഭിച്ചു. നമ്മുടെ അദ്ധ്യക്ഷതയിൽ ആയിരുന്നു. മെത്രാച്ചന്മാരും അനേകം വൈദികരും ജനങ്ങളും സംബന്ധിച്ചിരുന്നു. നാം അര മണിക്കൂർ പ്രസംഗിച്ചു. മീറ്റിംഗ് തീരുന്നതിനു മുമ്പ് ഫോട്ടോ എടുക്കുകയുണ്ടായി. നമുക്ക് സുഖമില്ലാത്തതിനാൽ തീരുന്നതിനു മുമ്പ് കുരുവിളയുടെ ഭവനത്തിൽ എത്തി നാം വിശ്രമിച്ചു. പീലക്സിനോസ് മെത്രാച്ചൻ രാത്രി തന്നെ പുത്തൻകാവിന് പോയി. തേവോദോസ്യോസ് മെത്രാൻ നമ്മോടു കൂടി താമസിച്ചു.

29 തിങ്കൾ. കർമ്മേൽ ദയറാ. രാവിലെ എട്ടു മണിയോടു കൂടി കാപ്പിമേശയും കഴിഞ്ഞ് തൃശൂർ നിന്നും തിരിച്ചു. പത്തര മണിയോടു കൂടി എറണാകുളം പള്ളിയിൽ പോയി വിശ്രമിച്ചു. ഉച്ചമേശയും കഴിഞ്ഞ് മൂന്നര മണിയോടു കൂടി തിരിച്ച് തൃപ്പൂണിത്തുറ വന്ന് നാം നമ്മുടെ പെങ്ങളുടെ ഭവനത്തിൽ എത്തി. വീട് കൂദാശ ചെയ്തു. കാപ്പിമേശയും കഴിഞ്ഞ് കർമ്മേൽ ദയറായിൽ അഞ്ചര മണിയോടു കൂടി വന്നുചേർന്നു. ഒസ്താത്തിയോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം അവിടെ താമസിച്ചു.

30 ചൊവ്വ. കാതോലിക്കേറ്റ് അരമന. കർമ്മേലിൽ നിന്ന് മൂന്നു മണിയോടു കൂടി കോട്ടയത്തിന് മടങ്ങി. അഞ്ചര മണിയോടു കൂടി ദേവലോകത്ത് വന്നു ചേർന്നു. മല്പാൻ യോഹന്നാൻ കത്തനാരും, മത്തായി കത്തനാരും, ജോൺ കത്തനാരും, അബ്രഹാം കത്തനാരും, കുറ്റിക്കണ്ടത്തിൽ അലക്സാണ്ടർ കോർഎപ്പിസ്ക്കോപ്പായും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

1957 മെയ്

1 ബുധൻ. കാതോലിക്കേറ്റ് അരമന. ഇന്ന് കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. അഞ്ചു മണിയോടു കൂടി കൗൺസിൽ കഴിഞ്ഞു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

2 വ്യാഴം. കാതോലിക്കേറ്റ് അരമന. പത്തു മണിയോടു കൂടി നാം ബാലികാമഠത്തിലേക്കു പോകയും ലുത്തിനിയാ കഴിഞ്ഞ് വിശ്രമിക്കുകയും ചെയ്തു. തേവോദോസിയോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. ദീവന്നാസിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മൂന്നു മണിയോടു കൂടി സ്ത്രീകളുടെ കോൺഫ്രൻസിന്റെ വാർഷിക സമ്മേളനം ആരംഭിച്ചു. നാം അര മണിക്കൂർ പ്രസംഗിച്ചു. ദീവന്നാസിയോസ് മെത്രാച്ചനും പ്രസംഗിച്ചു. പോൾ വർഗീസ്, സി. ഐ. നൈനാൻ, അന്നമ്മ വർക്കി മുതലായവർ യോഗത്തിൽ പ്രസംഗിച്ചു. അനേകം സ്ത്രീകൾ സംബന്ധിച്ചിരുന്നു. അഞ്ചര മണിയോടു കൂടി യോഗം അവസാനിച്ചു. കാപ്പിമേശയ്ക്കു ശേഷം നാം കോട്ടയത്തിനു പോരുകയും 7 മണിയോടു കൂടി വന്നു ചേരുകയുമുണ്ടായി. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. പയ്യംപള്ളി ദാവീദ് കത്തനാരും മത്തായി കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

3 വെള്ളി. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. കോയമ്പത്തൂർ പള്ളി വികാരി സൈമൺ കത്തനാർ വന്നിരുന്നു. ഏബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

4 ശനി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിലേക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു. തുമ്പമൺ പള്ളി വികാരി വന്നു പട്ടംകൊട സംബന്ധിച്ച് നമ്മെ അറിയിച്ചു. നമുക്ക് വിരോധമില്ല (തിയോളജിക്കൽ സെമിനാരിയിൽ പഠിച്ച ആൾ ആണ്).

5 ഞായർ. കാതോലിക്കേറ്റ് അരമന. പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ നാം അര മണിക്കൂർ പ്രസംഗിച്ചു. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു.

6. തിങ്കൾ. കാതോലിക്കേറ്റ് അരമന. ഇന്ന് ഗീവർഗീസ് സഹദായുടെ പെരുന്നാൾ ആയിരുന്നു. മൂന്നിന്മേൽ കുർബ്ബാനയും ആയിരുന്നു. നാം നടുക്കത്തെ ത്രോണോസിൽ കുർബ്ബാന അർപ്പിച്ചു. താഴെയുള്ള ത്രോണോസിന്മേൽ അബ്രഹാം കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും ഉണ്ടായിരുന്നു. ഒമ്പതു മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ത്രോണോസിങ്കൽ ധൂപപ്രാർത്ഥനയും നടത്തി.

(തുടരും)

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

ജില്ലാ പഞ്ചായത്ത്

ആലപ്പുഴ



ജോൺ തോമസ്
(പള്ളിപ്പാട്)

ജില്ലാ പഞ്ചായത്തിലേക്ക് തുടർച്ചയായി ആറാം തവണ. മുട്ടം സെന്റ് മേരീസ് ഇടവകാംഗം.

കോട്ടയം



സിനി മാത്യു
(പുതുപ്പള്ളി)

മുൻ വാകത്താനം ഗ്രാമ പഞ്ചായത്തംഗം. ജില്ലാ പഞ്ചായത്തിലേക്ക് ആദ്യമായി. തോട്ടയ്ക്കാട് മാർ അപ്രേം ഇടവകാംഗം.

ബ്ലോക്ക് പഞ്ചായത്ത്

ഹരിപ്പാട്



സാജൻ പനയറ
(നീണ്ടൂർ)

പള്ളിപ്പാട് കാതോലിക്കേറ്റ് സിംഹാസന പള്ളി ഇടവകാംഗം.

പറക്കോട്



ഷാജി വർഗ്ഗീസ്
(പെരിങ്ങനാട്)

വടക്കേത്തലയ്ക്കൽ ലോർഡ്സൺ വില്ലയിൽ ശ്രീ. വിജയിച്ചു. പെരിങ്ങനാട് സെന്റ്. ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും ഇടവക ട്രസ്റ്റിയുമാണ്.

ജില്ലാ പഞ്ചായത്ത്

ആലപ്പുഴ



ബിനി ജെയിൻ
(ചെന്നിത്തല)

ചെന്നിത്തല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി

ബ്ലോക്ക് പഞ്ചായത്ത്

പാമ്പാക്കുട



ജേക്കബ് ഫിലിപ്പ്
(ബാലു)
(രാമമംഗലം)

കിഴുമുറി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും ഇടവക യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റുമാണ്.

മല്ലപ്പള്ളി



ലിബിൻ ജോസഫ്
വടക്കേടത്ത്
(പുന്നവേലി)

ആനിക്കാട് മാർ ബസ്സേലിയോസ് ഓർത്തഡോക്സ് പള്ളി

കോന്നി



റോബിൻ പീറ്റർ
(ഇളകൊള്ളൂർ)

മല്ലശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം.



വിജയിച്ച എല്ലാ സ്ഥാനാർത്ഥികൾക്കും മലങ്കര ഓർത്തഡോക്സ് സഭയുടെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ

തദ്ദേശ തിരഞ്ഞെടുപ്പിൽ ജയിച്ച മുഴുവൻ സഭാംഗങ്ങളുടെയും ഫോട്ടോകൾ ഉൾപ്പെടുത്താൻ ഈ ലക്കത്തിൽ കഴിഞ്ഞിട്ടില്ല. തുടർ ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. – എഡിറ്റർ

നഗരസഭ, ഗ്രാമ പഞ്ചായത്ത്



അഡ്വ. ടോം കോര
(കോട്ടയം മുനിസിപ്പാലിറ്റി)
കോട്ടയം സെന്റ് മേരീസ് കത്തീഡ്രൽ.



അഡ്വ. സിജു കെ. ഐസക്
(പാമ്പാടി ഗ്രാമപഞ്ചായത്ത്)
സൗത്ത് പാമ്പാടി വലിയ പള്ളി



സിജു കോശി വൈദ്യൻ
(മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്)
തേവലക്കര മർത്തമറിയം പള്ളി



അനീഷ് ചക്കുങ്കൽ
(കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്)
നാരങ്ങാനം സെന്റ് ഓസിയോസ് ഓർത്തഡോക്സ് പള്ളി



ജിൻസി സജു
(കാട്ടകാമ്പാൽ പഞ്ചായത്ത് 7-ാം വാർഡ്)



മിനി ടീച്ചർ
(കാട്ടകാമ്പാൽ പഞ്ചായത്ത് 12-ാം വാർഡ്)

രണ്ടു പേരും പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ ഇടവകാംഗങ്ങൾ.



മിനി അച്ചൻ കുഞ്ഞ്
(കായംകുളം മുൻസിപ്പൽ കൗൺസിലർ) കായംകുളം കാദീശാ കത്തീഡ്രൽ.



എലിസബത്ത് ചാക്കോ
(പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത്)
പള്ളിപ്പാട് കാതോലിക്കേറ്റ് സിംഹാസന പള്ളി.



ഷെർളി ജേക്കബ് തരകൻ
(തേവലക്കര ഗ്രാമ പഞ്ചായത്ത്)
തേവലക്കര മർത്തമറിയം പള്ളി



ഷേർളി തര്യൻ
(പാമ്പാടി ഗ്രാമപഞ്ചായത്ത്)
പങ്ങട സെന്റ് മേരീസ് പള്ളി



ബിജി ബാബു
(അഞ്ചൽ ഗ്രാമപഞ്ചായത്ത്)
ആലഞ്ചേരി സെന്റ് മേരീസ് ഓർത്തഡോക്സ് തീർത്ഥാടന പള്ളി



സിബി മാത്യു കുളത്തുങ്കൽ
(മണർകാട് പഞ്ചായത്ത്)
അരീപ്പറമ്പ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി

നഗരസഭ, ഗ്രാമ പഞ്ചായത്ത്



ബിന്നി ജോൺ
(വാകത്താനം ഗ്രാമപഞ്ചായത്ത്)
തോട്ടയ്ക്കാട് മാർ അപ്രേം ഇടവക.



സജു വർഗീസ്
(കുണ്ടറ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്)
കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി



ടി. കെ. മത്തായി
(മാവേലിക്കര തഴക്കര ഗ്രാമപഞ്ചായത്ത്)
വഴുവാടി മാർ ബസേലിയോസ് ഇടവക സെക്രട്ടറി.



മറിയാമ്മ തോമസ്
(മാവേലിക്കര തഴക്കര ഗ്രാമപഞ്ചായത്ത്)
വഴുവാടി മാർ ബസേലിയോസ് പള്ളി യുവജനപ്രസ്ഥാനം ട്രഷറർ.



പി. ടി. എബ്രഹാം
(ആനിക്കാട് ഗ്രാമ പഞ്ചായത്ത്)
ആനിക്കാട് മാർ ബസ്സേലിയോസ് ഓർത്തഡോക്സ് പള്ളി



ഡെൻസൻ വർഗീസ്
(പത്തനാപുരം ഗ്രാമപഞ്ചായത്ത്)
പത്തനാപുരം മാർ ലാസറസ് ഓർത്തഡോക്സ് വലിയപള്ളി



സിനി ബാബു
(ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്)
അഞ്ചൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് തീർത്ഥാടന വലിയപള്ളി



മറിയാമ്മ ബെന്നി
(മുളന്തുരുത്തി പഞ്ചായത്ത്)
വെട്ടിക്കൽ തേവനാൽ മാർ ബഹനാൻ ഓർത്തഡോക്സ് സുറിയാനി പള്ളി



സിബി അജി വാരപെട്ടിയിൽ
(പുത്തൂർ ഗ്രാമപഞ്ചായത്ത്)
മാന്ദാമംഗലം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



ജോളി അജി തോമസ്
(പ്രമാടം ഗ്രാമപഞ്ചായത്ത്)
മല്ലശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി.



ബിനു സി വർഗീസ്
(ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത്)
ചെന്നിത്തല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി



ബെറ്റ്സി ജിനു
(ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത്)
ചെന്നിത്തല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി

നഗരസഭ, ഗ്രാമ പഞ്ചായത്ത്



ടി. കെ. ജെയിംസ്
(വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്)
വെച്ചൂച്ചിറ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ്.



തോമസ് വർഗ്ഗീസ് (ജോസ് മണ്ണിൽ)
(അഞ്ചൽ അലയമൺ ഗ്രാമ പഞ്ചായത്ത്)
മീൻകുളം മാർ ഏലിയാസ് ഇടവക



ലീലാമ്മ ജോസ്
(മുളക്കുഴ ഗ്രാമപഞ്ചായത്ത്)
പിരളശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളി



ജോഷ്ന ജോൺസൺ
(നെടുവത്തൂർ ഗ്രാമപഞ്ചായത്ത്)
അമ്പലത്തുംകാല സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക



ജെസ്സി മാത്യു (എഴുകോൺ ഗ്രാമപഞ്ചായത്ത്)
അമ്പലത്തുംകാല സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക



ഷീല വർഗ്ഗീസ്
(തുമ്പമൺ ഗ്രാമ പഞ്ചായത്ത്)
തുമ്പമൺ സെന്റ് മേരീസ് പള്ളി



റേച്ചൽ രാജൻ
(പുലിയൂർ ഗ്രാമപഞ്ചായത്ത്)
ആലാ സെന്റ് ജോർജ് ഇടവകാംഗവും സണ്ടേസ്കൂൾ ഇടവങ്കാട് ഡിസ്ട്രിക് ഇൻസ്പെക്ടറുമാണ്. ഫാ. രാജൻ വർഗീസിന്റെ സഹധർമണിയാണ്.



സ്മിത റെജി
(ചെറിയനാട് ഗ്രാമപഞ്ചായത്ത്)
ഇടവങ്കാട് സെന്റ് മേരീസ് ഇടവക



ഷിബു ചിറക്കരോട്ട്
(അടൂർ നഗരസഭ)
അടൂർ സെന്റ് തോമസ് കത്തീഡ്രൽ ഇടവക



ജിബു ജോയി
(പട്ടാഴി ഗ്രാമ പഞ്ചായത്ത്)
പട്ടാഴി ആറാട്ടുപുഴ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക



വിനോദ് തോമസ് കുറ്റിക്കണ്ടെത്തിൽ
(കൊറ്റനാട് ഗ്രാമ പഞ്ചായത്ത്)
കൊറ്റനാട് സെന്റ് ജോർജ് ഇടവക



സിജി വർഗ്ഗീസ്
(പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്)
പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി

ബ്ലോക്ക് പഞ്ചായത്ത്

വടവുകോട്	കോയിപ്രം	കോന്നി	പന്തളം ബ്ലോക്ക്



ബബിത എൽദോസ്
(ഐരപുരം)
കുന്നക്കുരുടി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ



ജോസഫ് മാത്യു
(ഓതറ)
ഓതറ സെന്റ് മേരിസ് ഓർത്തഡോക്സ് ഇടവക



ജിജോ മോഡി
(കോന്നി താഴം)
കോന്നി അട്ടച്ചാക്കൽ മാർ പീലക്സിനോസ് വലിയപള്ളി



സോഫിയ രാജൻ
(മാന്തുക)
മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി

നഗരസഭ, ഗ്രാമ പഞ്ചായത്ത്



സജയ് തങ്കച്ചൻ
(കുളക്കട ഗ്രാമപഞ്ചായത്ത്)
കുളക്കട സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി



ഷീബ അജോയ്
(മൈലം ഗ്രാമപഞ്ചായത്ത്)
കലയപുരം മാർ ബസേലിയോസ് ഗ്രീഗോറിയോസ് വലിയപള്ളി



എബി അനിൽ
(തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്)
വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



സുജ തോമസ്
(ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്)
നീറായ്ക്കോട് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.



കൊച്ചുറാണി ബി.
(പത്തനംതിട്ട നഗരസഭ)
മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ



ബെൻസി തോമസ്
(പട്ടാഴി ഗ്രാമ പഞ്ചായത്ത്)
പട്ടാഴി തെക്കെത്തേരി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക



ബിജി രാജു
(നൂറനാട് ഗ്രാമപഞ്ചായത്ത്)
ആറ്റുവാ സെന്റ് ബർസൗമാ ഓർത്തഡോക്സ് ഇടവക



ബിബിൻ ബേബി
(പത്തനംതിട്ട നഗരസഭ)
പത്തനംതിട്ട സെന്റ് ഗ്രീഗോറിയോസ് ഇടവക

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

സിബ്യാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ആമുഖം

ബൈബിളിൽ യെഹൂദാ രാജാക്കന്മാരുടെ ചരിത്രം വിശദമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചിലരെക്കുറിച്ചുള്ള വിവരങ്ങൾ വളരെ കുറവായിരിക്കും. അങ്ങനെ കുറച്ച് വചനങ്ങളിലേക്ക് ഒതുങ്ങിയിട്ടുള്ളതെങ്കിലും, ആത്മീയമായി വളരെയധികം പ്രാധാന്യമുള്ള ഒരാളാണ് യോവാശ് രാജാവിന്റെ അമ്മ സിബ്യാ. യോവാശിന്റെ ജീവിതം യെഹൂദാ രാജ്യത്തിന് ഒരു വലിയ വഴിത്തിരിവായിരുന്നു. അഥല്യാ രാജ്ഞി രാജവംശത്തിലെ എല്ലാ കുഞ്ഞുങ്ങളെയും കൊല്ലാൻ ഉത്തരവിട്ടപ്പോൾ, യോവാശും മരണത്തിന്റെ വക്കിലായിരുന്നു. സാധാരണയായി ഒരു ശിശുവിനെ രക്ഷപ്പെടുത്തുക എന്നത് അസാധ്യമായിരുന്നു. എന്നാൽ ദൈവം അത്ഭുതകരമായി ഇടപെട്ടു. യെഹോയാദാ പുരോഹിതനും ഭാര്യയായ യെഹോശേബത്തും ദൈവത്തിന്റെ വഴികാട്ടലിൽ യോവാശിനെ രഹസ്യമായി ദൈവാലയത്തിൽ ഒളിപ്പിച്ചു ആറ് വർഷത്തോളം സംരക്ഷിച്ചു. അങ്ങനെ ജീവനോടെ നിലനിന്ന ഈ ബാലൻ, പിന്നീട് യെഹൂദാ രാജ്യത്തിന്റെ രാജസിംഹാസനത്തിൽ ഇരുന്നുവെന്നത് ദൈവത്തിന്റെ സംരക്ഷണത്തിന്റെ വ്യക്തമായ തെളിവായിരുന്നു. മനുഷ്യർക്കു അസാധ്യമായത് ദൈവം സാധ്യമാക്കി എന്നതിന്റെ തെളിവാണ് യോവാശിന്റെ ബാല്യകാലാനുഭവം. കുട്ടിക്കാലത്തിൽ മരിക്കേണ്ട സാഹചര്യത്തിൽ വന്ന അവൻ ദൈവത്തിന്റെ അത്ഭുതകരമായ കയ്യൊപ്പിൽ രക്ഷപ്പെട്ട് രാജസിംഹാസനത്തിലെത്തുകയും ചെയ്തു. ഈ പ്രത്യേകമായ ചരിത്രത്തിന്റെ അടിത്തറയിൽ നിൽക്കുന്നവളാണ് സിബ്യാ.

തിരുവചനത്തിൽ അവളെക്കുറിച്ച് ചെറിയ പരാമർശം മാത്രമേ നൽകുന്നുള്ളുവെങ്കിലും, ആ വചനത്തിന്റെ പശ്ചാത്തലവും അതിലെ സൂചനകളും സിബ്യായുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു സന്തുലിതമായ വിവരണം നമുക്ക് നൽകുന്നു. ഒരു അമ്മയുടെ സ്വഭാവവും ഭക്തിയും എങ്ങനെ ഒരു രാജാവിന്റെ ജീവിതത്തെയും അതിലൂടെ ഒരു രാജ്യത്തിന്റെ ആത്മീയ നിലപാടുകളെയും സ്വാധീനിക്കുന്നു എന്നതിന്റെ നല്ല ഉദാഹരണമായി സിബ്യയുടെ പേര് ബൈബിളിൽ നിലനിൽക്കുന്നു.

1. സിബ്യായെക്കുറിച്ചുള്ള ബൈബിളിലെ അടിസ്ഥാന വിവരങ്ങൾ

സിബ്യായുടെ പേര്, സ്വദേശം, സാമൂഹിക സ്ഥാനം എന്നീ അടിസ്ഥാന വസ്തുതകൾ 2 ദിനവൃത്താന്തം 24:1 എന്ന ഒറ്റ വചനത്തിൽ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. "യോവാശ് വാഴ്ച തുടങ്ങിയപ്പോൾ അവന്നു ഏഴു വയസ്സായിരുന്നു. അവൻ നാല്പതു സംവത്സരം യെരൂശലേമിൽ വാണു. ബേർശേബക്കാരത്തിയായ അവന്റെ അമ്മയ്ക് സിബ്യാ എന്നു പേർ." ഈ വചനത്തിൽ ലഭിക്കുന്ന ഏറ്റവും പ്രധാന വിവരമാണ് അവളുടെ പേര് സിബ്യാ എന്നത്. ഹീബ്രു ഭാഷയിലെ 'സിബ്യാ' എന്ന വാക്കിന്റെ അർത്ഥം"ഹരിണി" അല്ലെങ്കിൽ "ഹരിണിപോലെയുള്ള" എന്നാണ്. ഹരിണിയെ ഹീബ്രു സംസ്കാരത്തിൽ ശാന്തത, സൗമ്യത, സൗന്ദര്യം, മൃദുത്വം എന്നിവയുടെ പ്രതീകമായി ഉപമിക്കുന്നു. ഇതിലൂടെ സിബ്യാ ഒരു സദാചാരവും സൗമ്യമായ സ്വഭാവത്തോടു കൂടിയ ഒരാളായിരുന്നുവെന്ന് മനസ്സിലാക്കാം.

അവളുടെ സ്വദേശം ബേർശേബാ ആയിരുന്നു. ബേർശേബാ പുരാതന ഇസ്രായേലിന്റെ തെക്കൻ ഭാഗത്ത് സ്ഥിതിചെയ്യുന്ന, ചരിത്രപരമായും ആത്മീയമായും മഹത്തായ ഒരു സ്ഥലമായിരുന്നു. ബൈബിളിൽ "ദാൻ മുതൽ ബേർശേബാ വരെ" എന്ന പരാമർശത്തിലൂടെ ദേശത്തിന്റെ അതിർത്തിയെ സൂചിപ്പിക്കുന്ന രീതിയിൽ പല തവണ ഇതിനെ ഉയർത്തിക്കാണിക്കുന്നു. പിതാക്കന്മാരായ അബ്രാഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ ബേർശേബായിൽ ദൈവത്തെ ആരാധിക്കുകയും യാഗപീഠങ്ങൾ പണിത് യഹോവയുടെ നാമം വിളിക്കുകയും ചെയ്തിട്ടുണ്ട്. അബ്രാഹാം ഇവിടെ യഹോവയെ ആരാധിക്കാൻ പിചുലവൃക്ഷം നട്ടതും, ഇസഹാക്ക് യഹോവയുടെ പ്രത്യക്ഷതയ്ക്കു ശേഷം യാഗപീഠം പണിതതും, യാക്കോബ് ദൈവത്തിന്റെ മാർഗ്ഗദർശനം തേടി യാഗങ്ങൾ അർപ്പിച്ചതും ബേർശേബായുടെ ആത്മീയ മഹത്വത്തെ കൂടുതൽ ഉറപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ, സിബ്യാ ബേർശേബായിൽ നിന്നവളാണെന്നത് അവൾ ദൈവത്തെ ഭയപ്പെടുകയും ആത്മീയ പാരമ്പര്യത്തിൽ വളരുകയും ചെയ്തിരുന്ന ഒരു സമൂഹത്തിന്റെ ഭാഗമായിരുന്നുവെന്ന സൂചന നൽകുന്നു. അതായത്, അവളുടെ ജീവിതത്തിൽ ദൈവാരാധനക്ക് ഒരു സ്വാഭാവിക സ്ഥാനമുണ്ടായിരുന്നതായി ഈ വിവരണത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

സിബ്യായുടെ മറ്റൊരു പ്രധാന തിരിച്ചറിയൽ യോവാശിന്റെ അമ്മ എന്ന സ്ഥാനമാണ്. യെഹൂദാ രാജ്യം രാജാവിന്റെ അമ്മയെ പ്രത്യേക ബഹുമാനത്തോടെ കണക്കാക്കിയിരുന്നു. അമ്മമാർ രാജസദസിൽ നിർണ്ണായക സ്വാധീനം ചെലുത്താറുണ്ടായിരുന്നു. അതിനാൽ സിബ്യായുടെ ജീവിതവും സ്വഭാവവും രാജാവായ മകന്റെ വളർച്ചയിലും ചിന്തയിലും വ്യക്തിത്വത്തിലും ഒരു വലിയ പങ്കുവഹിച്ചു എന്ന് ഊഹിക്കാം.

2. സിബ്യായുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള സൂചനകളും വ്യാഖ്യാനങ്ങളും

ബൈബിൾ സിബ്യായെപ്പറ്റി കൂടുതൽ വിവരങ്ങൾ നൽകുന്നില്ലെങ്കിലും, അവളുടെ സാഹചര്യങ്ങൾ പഠിച്ചാൽ അവളുടെ സ്വഭാവത്തെ കുറിച്ച് ചില വ്യക്തമായ നിഗമനങ്ങൾ കണ്ടെത്താനാകുന്നു.

ആദ്യം, അവളുടെ പേര് തന്നെ അവളുടെ സ്വഭാവലക്ഷണങ്ങളെ പ്രകടമാക്കുന്നു. "ഹരിണിപോലുള്ളവൾ" എന്നർത്ഥമുള്ള ഈ പേര് അവളുടെ ശാന്തവും മൃദുവുമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു. മൃദുസ്വഭാവം, ക്ഷമ, സമാധാനം എന്നിവയല്ലാതെ ഈ പേര് മറ്റൊന്നും നിർദ്ദേശിക്കുന്നില്ല. രാജകീയ ജീവിതത്തിൽ ഇതുപോലുള്ള ഗുണങ്ങൾ വളരെ വിലപ്പെട്ടതാണ്. രാജസദസിലെ ബന്ധങ്ങൾ, പ്രബലരായ വ്യക്തികളുമായുള്ള ഇടപെടലുകൾ എന്നിവയിൽ ഈ ശാന്തത അവളെ ഒരു മാന്യയായ സ്ത്രീയാക്കി തീർത്തിരിക്കാം.

സിബ്യാ ഒരു ഭക്തിനിഷ്ഠയായ അമ്മ ആയിരിക്കാമെന്ന് നമുക്ക് ഊഹിക്കാം. കാരണം യോവാശിന്റെ ബാല്യകാലത്തിൽ കാണുന്ന ദൈവഭക്തിയും നല്ല സ്വഭാവവും അവളുടെ മാതൃത്വത്തിന്റെ പ്രതിഫലനമാണ്. യോവാശ് തന്റെ ഭരണത്തിന്റെ ആദ്യകാലത്ത് ദൈവത്തിന് പ്രസാദകരമായ കാര്യങ്ങൾ ചെയ്തുവെന്നും ദൈവാലയം പുനർനിർമ്മിക്കുന്നതിന് ഉത്സാഹം കാണിച്ചുവെന്നും ബൈബിൾ പറയുന്നു. ഈ ഭക്തിയുടെ പ്രാരംഭ വിത്തുകൾ വിതച്ചത് അവന്റെ അമ്മ തന്നെയായിരിക്കണമെന്നത് സ്വാഭാവികമായ നിഗമനമാണ്.

സിബ്യായുടെ ജീവിതത്തിൽ കുടുംബബന്ധങ്ങൾ വളരെ ആഴത്തിലുള്ള സ്വാധീനമാണ് ചെലുത്തിയത്. ബേർശേബാ പോലുള്ള ആത്മീയ പാരമ്പര്യ സമൃദ്ധമായ സ്ഥലത്ത് വളർന്നതിനാൽ, അവൾ പുരോഹിത സേവനത്തോടും ദൈവാലയ ജീവിതത്തോടും ഒരു പ്രത്യേക ബഹുമാനം പുലർത്തിയിരിക്കാം. ഇത്തരത്തിലുള്ള ആത്മീയ അന്തരീക്ഷം സിബ്യായുടെ വ്യക്തിത്വത്തിൽ രൂപപ്പെട്ടിരുന്നുവെങ്കിൽ, അത് അവളുടെ മകൻ യോവാശിന്റെ വളർച്ചയിലും സ്വാഭാവികമായി പ്രതിഫലിച്ചിരിക്കുവാൻ സാധ്യതയുണ്ട്. യെഹോയാദാ മഹാപുരോഹിതനെ യോവാശ് "പിതാവിനെപ്പോലെ" ബഹുമാനിച്ചുവെന്നതു, അവന്റെ ഉള്ളിൽ ചെറുപ്പം മുതൽത്തന്നെ വളർത്തി എടുക്കപ്പെട്ട ആത്മീയ ബഹുമാനബോധത്തിന്റെ തെളിവായിരിക്കാം. ഇതുകൊണ്ട് തന്നെ, സിബ്യാ തന്റെ മകൻ നല്ല പുരോഹിതന്മാരെയും ആത്മീയ ഉപദേശകരെയും ആദരിക്കുകയും അവരിൽനിന്ന് ഉപദേശങ്ങളും ജ്ഞാനവും സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിച്ചിരിക്കാമെന്നും കരുതാം.

സിബ്യായെക്കുറിച്ചുള്ള മറ്റൊരു പ്രധാന സൂചന അവളെക്കുറിച്ചുള്ള ബൈബിളിലെ മൗനം തന്നെയാണ്. അഥല്യാ രാജ്ഞി രാജകുമാരന്മാരെ കൊല്ലുന്ന സംഭവത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ സിബ്യായെ എവിടെയും പരാമർശിക്കുന്നില്ല. ഇതിലൂടെ, ഈ സമയത്ത് അവൾ ഒരുപക്ഷേ മരിച്ചിരിക്കാം, അല്ലെങ്കിൽ രാജസന്നിധിയിൽ നിന്ന് ഏതെങ്കിലും കാരണത്താൽ അകന്നിരിക്കാം എന്നുള്ള സൂചന ലഭിക്കുന്നു. എന്നാൽ, യോവാശിനെക്കുറിച്ച് പറയുമ്പോൾ ബൈബിളിൽ അവളുടെ പേര് പ്രത്യേകം പറയപ്പെട്ടിട്ടുണ്ടെന്നത് ഒരു

പ്രധാന കാര്യം വ്യക്തമാക്കുന്നു: അവൾ തന്റെ മകന്റെ ജീവിതത്തിൽ പ്രധാന പങ്ക് വഹിച്ചിരുന്നു. അതായത്, ചില സംഭവങ്ങളിൽ അവളുടെ പേര് കാണാത്തതിനെക്കുറിച്ച് നമുക്ക് ഉറപ്പുള്ള വിവരങ്ങൾ ഇല്ലെങ്കിലും, യോവാശിന്റെ അമ്മയായിരുന്ന അവൾക്ക് ബൈബിളിൽ ഒരു വ്യക്തമായ സ്ഥാനമുണ്ടായിരുന്നു.

3. സിബ്യായുടെ സ്വാധീനം യോവാശിന്റെ ജീവിതത്തിൽ

ഒരു അമ്മയുടെ സ്വാധീനം ഒരു മകന്റെ വ്യക്തിത്വത്തെയും ഭാവിയെയും രൂപപ്പെടുത്തുന്നതിൽ അതിശക്തമാണ്. സിബ്യായുടെ സ്വാധീനം യോവാശിന്റെ ബാല്യത്തിൽ വ്യക്തമായി കാണുന്നു.

യോവാശ് ഏഴു വയസ്സിൽ രാജാവായപ്പോൾ തന്നെ ദൈവത്തെ ഭയപ്പെടുന്നതും നീതിയോടെ നടക്കുന്നതുമായ ഒരു സ്വഭാവം അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. മാതാവായ സിബ്യായുടെ പ്രാരംഭ പഠനങ്ങളും ആത്മീയ വളർച്ചയുമാണ് ഇതിന്റെ അടിസ്ഥാനം.

യോവാശ് മഹാപുരോഹിതനായ യെഹോയാദയെ പിതാവിന് തുല്യമായി ബഹുമാനിക്കുകയും അവന്റെ ഉപദേശങ്ങൾ അനുസരിക്കുകയും ചെയ്തു. ഈ ബഹുമാനം പ്രാരംഭത്തിൽ തന്നെ അമ്മയുടെ വഴിയാണ് വളർന്നതെന്ന് മനസ്സിലാക്കാം. സിബ്യാ ആത്മീയ നേതാക്കളോട് ബഹുമാനം പുലർത്തുന്ന സ്ത്രീയായിരിക്കണം; അതിന്റെ ഫലം യോവാശ് തന്റെ ആത്മീയ ഗുരുവിനെ ഒരു പിതാവിനെപ്പോലെ ബഹുമാനിച്ചു.

യെഹോയാദയുടെ മരണത്തിന് ശേഷം യോവാശിന്റെ ജീവിതത്തിൽ വലിയൊരു വഴിതിരിവ് സംഭവിച്ചു. ദീർഘകാലം സന്മാർഗത്തിൽ നടന്നിരുന്ന അവൻ അപ്രതീക്ഷിതമായി തെറ്റായ വഴികളിലേക്ക് വഴുതിപ്പോയി. വിഗ്രഹാരാധനയിലേക്കും അന്യദേവാരാധനയിലേക്കും തിരിഞ്ഞ യോവാശ്, താൻ മുമ്പ് വിശ്വസിച്ചിരുന്ന ദൈവത്തെ വിട്ടുമാറി. ദൈവത്തിന്റെ വഴിയിൽ നിന്നുള്ള ഈ പെട്ടെന്നുള്ള പിന്മാറ്റം അത്യന്തം വിഷാദകരവും ഹൃദയഭേദകമായ സംഭവമായി മാറി. ഇതിലൂടെ വ്യക്തമാകുന്നത് എന്തെന്നാൽ, സിബ്യായുടെ ആത്മീയ സ്വാധീനം യോവാശിന്റെ ആദ്യകാല ജീവിതത്തിൽ അത്രമാത്രം ശക്തമായിരുന്നു; പിന്നീട് അവനെ നയിക്കാൻ അമ്മയും യെഹോയാദയും ഇല്ലാതായപ്പോൾ അവൻ തളർന്നു. ആത്മീയ സ്ഥിരത ഉണ്ടാകാൻ തുടർച്ചയായ ദൈവസാന്നിധ്യ പരിശീലനം അത്യാവശ്യമാണെന്ന് ബൈബിൾ ഇതിലൂടെ ശക്തമായി തെളിയിക്കുന്നു.

4. സിബ്യായുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ

സിബ്യായെക്കുറിച്ചുള്ള വചനങ്ങൾ പരിമിതമായിരുന്നാലും, അവളുടെ ജീവിതത്തിൽനിന്ന് നിരവധി ആത്മീയ പാഠങ്ങൾ നമുക്ക് ലഭിക്കുന്നു. ആദ്യമായി, ഒരു അമ്മയുടെ ആത്മീയ സ്വാധീനം ദീർഘകാല ഫലങ്ങൾ ഉത്പാദിപ്പിക്കുന്നു എന്നതാണ്. മക്കളുടെ ആദ്യകാല ദൈവസാന്നിധ്യ പരിശീലനം അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നു. യോവാശിന്റെ ആദ്യകാല ദൈവഭക്തി ഇതിന്റെ തെളിവാണ്.

രണ്ടാമതായി, നല്ല ആത്മീയ പാരമ്പര്യം ഒരു കുട്ടിയുടെ ജീവിതത്തെ ഉറപ്പിച്ചു നിർത്തുന്ന ഒരു ശക്തിയാണ്. സിബ്യാ ബേർശേബായിലെ ആത്മീയ പശ്ചാത്തലമുള്ള ആളായിരുന്നതുകൊണ്ട്, അവളുടെ മകനും ശക്തമായ ആത്മീയ അടിത്തറ കൈവരിച്ചു.

മൂന്നാമതായി, സ്ഥിരതയുള്ള ആത്മീയ നേതാക്കളും കുടുംബ സഹായങ്ങളും ഇല്ലാതായാൽ ഒരു വ്യക്തി വഴിതെറ്റാൻ സാധ്യതയുണ്ട് എന്ന കാര്യവും യോവാശിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെയാണ് എല്ലാവരും ദൈവവചനത്തിൽ വ്യക്തിപരമായ സ്ഥിരതയും ആത്മീയ ജാഗ്രതയും വളർത്തിക്കൊണ്ടിരിക്കേണ്ടത് അത്യാവശ്യമാണെന്ന് പറയുന്നത്.

സിബ്യായെപ്പറ്റി ബൈബിളിൽ വലിയ വിവരങ്ങൾ ഇല്ലെങ്കിലും, ഒരു വചനത്തിലെ ചെറിയ പരാമർശം തന്നെ ഒരമ്മ തന്റെ മകന്റെ ജീവിതത്തെ എത്ര ശക്തമായി സ്വാധീനിക്കാമെന്നതിന്റെ സൂക്ഷ്മമായ തെളിവാണ്. അവൾ ശാന്തതയും, ദൈവഭക്തിയുള്ള, നല്ല ആത്മീയ പാരമ്പര്യം കൈമുതലായ സ്ത്രീയായി ബൈബിളിൽ സ്ഥാനം പിടിക്കുന്നു. യോവാശിന്റെ ബാല്യകാല ഭക്തി അമ്മ വിതച്ച ആത്മീയ വിത്തുകളുടെ വിളവാണ്. അവളുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ ഇന്നത്തെ കുടുംബങ്ങൾക്കും മാതാപിതാക്കൾക്കും വളരെ പ്രചോദനപ്രദമാണ്. മക്കളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ അമ്മയുടെ പങ്ക് എത്ര മഹത്തായതാണെന്ന് ബൈബിളിലെ ഈ ചെറിയ സൂചന നമ്മെ ഓർമ്മപ്പെടുത്തുന്നു.

നിഖ്യാ സുന്നഹദോസ് വാർഷികം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 'നിഖ്യാസുന്നഹദോസിന്റെ 1700-ാം വാർഷികം ഡിസംബർ 23ന് ചൊവ്വാഴ്ച രാവിലെ 9.30 മുതൽ കോട്ടയം പഴയ സെമിനാരിയിൽ നടത്തും.

രാവിലെ 10 മുതൽ വേദശാസ്ത്ര സിംമ്പോസിയം ആരംഭിക്കും. നിഖ്യാസുന്നഹദോസിന്റെ വിവിധ വേദശാസ്ത്ര ധാരകളെക്കുറിച്ച് ഡോ. യൂഹാനോൻ മാർ ദെമത്രിയോസ് മെത്രാപ്പോലീത്ത, ഫാ. ഡോ. തോമസ് കുഴുപ്പിൽ, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ജോസി ജേക്കബ് എന്നിവർ പ്രബന്ധം അവതരിപ്പിക്കും.

വിവിധ സെഷനുകളിൽ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. കെ. വി. ഏലിയാസ് എന്നിവർ മോഡറേറ്റർ ആയിരിക്കും. സെമിനാരി ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ് എന്നിവർ പ്രസംഗിക്കും.

ഉച്ചക്ക് 2.30ന് ആരംഭിക്കുന്ന നിഖ്യാ സുന്നഹദോസ് വാർഷിക പൊതുസമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യും. പ. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. കോട്ടയം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് വിഷയാവതരണം നടത്തും.

ഡോ. ജേസഫ് മാർ ബർണബാസ് സഫഗ്രൻ മെത്രാപ്പോലീത്ത (മലങ്കര മാർത്തോമ്മാ സഭ), ബിഷപ്പ് മലയിൽ സാബു കോശി ചെറിയാൻ (സി.എസ്.ഐ, മധ്യകേരള മഹായിടവ), ഗീവർഗീസ് മാർ അപ്രേം (ഓക്സിലറി ബിഷപ്പ്, കോട്ടയം ആർച്ച് ഡയോസിസ്) എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തും.

സെമിനാരി വൈസ് പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിക്കും.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായർ

(മത്തായി 1:1–17)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം വംശാവലി അവൻറെ യഹൂദ-ജനനത്തിന്റെ അടിസ്ഥാന രേഖയാണ്. ഒരുപക്ഷേ ഇന്നുള്ള പല സർക്കാർ രേഖകളും പോലെ തന്നെ പ്രധാനപ്പെട്ട ഒന്നായിരുന്നു അന്നത്തെ വംശാവലി. ഓരോ യഹൂദ പൈതൽ ജനിക്കുമ്പോഴും അതിനെ ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ ഇത്തരമൊരു വംശാവലി ആവശ്യമായിരുന്നു എന്ന് വേണം നാം മനസ്സിലാക്കുവാൻ.

യേശുക്രിസ്തുവിന്റെ വംശാവലിയുടെ 2 വ്യത്യസ്തങ്ങളായ രേഖകളാണ് സുവിശേഷത്തിൽ നിന്നും ലഭിക്കുന്നത്. മത്തായിയുടെയും (മത്തായി 1:1–17) ലൂക്കോസിന്റെയും (ലൂക്കോസ് 3:23–38) സുവിശേഷങ്ങൾ നൽകുന്ന വംശാവലികളിൽ യേശുക്രിസ്തുവാണ് കേന്ദ്രമെങ്കിലും ഇവ തമ്മിൽ സാരമായ ചില വ്യത്യാസങ്ങളും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. കർത്താവിന്റെ ജനനത്തിന് മുൻപുള്ള ഞായറാഴ്ചയുടെ വേദഭാഗമായി ഈ വംശാവലികൾ ക്രമീകരിച്ചിരിക്കുന്നതിന് ഏറെ പ്രാധാന്യമുണ്ട്. അബ്രഹാമിൽ തുടങ്ങി യേശുക്രിസ്തുവിൽ അവസാനിക്കുന്ന വി. മത്തായി നൽകുന്ന വംശാവലി യഹൂദന്മാർ കാത്തിരുന്ന മശിഹയായി യേശുക്രിസ്തുവിനെ അവതരിപ്പിക്കുമ്പോൾ ക്രിസ്തുവിൽ തുടങ്ങി താഴേക്ക് ആദം വരെ നീളുന്ന വി. ലൂക്കോസിന്റെ വംശാവലി സർവ്വലോകത്തിന്റെയും രക്ഷകനായി വന്നു പിറന്ന യേശുക്രിസ്തുവിനെയാണ് വരച്ച കാട്ടുന്നത്.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ധാരാളം സ്ത്രീ കഥാപാത്രങ്ങളെ നാം കണ്ടുമുട്ടുന്നുണ്ട്. താമാർ, രാഹാബ്, രൂത്ത്, ബത്ശേബ, മറിയം എന്നീ സ്ത്രീ കഥാപാത്രങ്ങൾ വംശാവലിയിൽ ഇടം പിടിക്കുന്നുണ്ട്. തീർത്തും അസ്വാഭാവികമായ വംശാവലിയിലെ സ്ത്രീ നാമങ്ങൾ വംശാവലിയുടെ കാലിക പ്രസക്തിയെ വരച്ചുകാട്ടുന്നതാണ്.

ദൈവീക വംശാവലിയിൽ സ്ഥാനം കണ്ടെത്തുക

ലോകപ്രകാരം ചിന്തിക്കുമ്പോൾ ദൈവീക വാഗ്ദത്ത പ്രകാരം ജനിച്ചവനാണ് യേശുക്രിസ്തു. എന്നാൽ പഴയ നിയമകാലം മുതൽക്കുള്ള പിതാക്കന്മാരെ യേശുക്രിസ്തുവിനോട് ചേർത്ത് വായിക്കുമ്പോൾ അവൻ ഒരു യഹൂദ കുടുംബത്തിൻറെ പശ്ചാത്തലത്തിൽ, അബ്രഹാമിന്റെ സന്തതിയായി, ദാവീദിന്റെ കുലത്തിൽ ജനിച്ചവനായി, പ്രവാസാനന്തര പാലസ്തീനിൽ ജനിച്ച ഒരു വ്യക്തിയായി അവതരിപ്പിക്കുകയാണ്.

വംശാവലിയിലെ പേരുകളുടെ ചേർക്കൽ വളരെ കൗതുകകരമാണ്. അവിടെ പേര് പറയുന്ന എല്ലാവരും അവരുടെ പിതാക്കന്മാരുടെ ഏക ജാതന്മാർ അല്ല. വാഗ്ദത്ത സന്തതി (Promised Son) എന്നൊരു സങ്കൽപം ഉള്ളവരും അതല്ലാതെ തങ്ങളുടെ ജീവിത ക്രമീകരണത്താൽ വേർതിരിക്കപ്പെട്ടവരും ഒക്കെ ഈ വംശാവലിയിൽ ഇടം കണ്ടെത്തുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരും സ്ത്രീകളും വിജാതീയരും ഒക്കെ ഈ വംശാവലിയിലെ പേരുകാരാണ്. ക്രിസ്തുവിന്റെ വംശാവലിയിൽ ഇടം കണ്ടെത്തുവാൻ കുല മഹിമ മാത്രമല്ല മാണ ദണ്ഡം എന്ന് ഈ വേദഭാഗം കൃത്യമായി അടിവരയിടുന്നുണ്ട്.

വിശുദ്ധ മാമോദീസാ സ്വീകരിക്കുന്ന ഏതൊരുവനും പിതാവാം ദൈവത്തിന് മകനും ഏകജാതന് സഹോദരങ്ങളും ആകുന്നു എന്ന് വിശുദ്ധ മാമോദീസായുടെ ഹൂത്തോമോ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ വംശാവലിയിൽ ഇടം പിടിക്കുവാൻ ഉള്ള അവകാശം ഏതൊരു വിശ്വാസിക്കും ഉണ്ട് എന്നാണ് സഭ നൽകുന്ന വലിയ പ്രത്യാശ. ലോകത്തിന്റെ മാനദണ്ഡമല്ല ആ പട്ടികയിലേക്കുള്ള പ്രവേശനത്തിന്റെ അളവുകോൽ.

യേശുക്രിസ്തുവിന്റെ വംശാവലി കേവലം തന്റെ ജീവചരിത്രം മാത്രം നൽകുന്ന ഒന്നല്ല. മറിച്ച് യേശുക്രിസ്തുവിന്റെ ദൗത്യവും സ്വത്വവും (mission and identity) വെളിപ്പെടുത്തുവാൻ ഈ വംശാവലി നമ്മെ സഹായിക്കുന്നുണ്ട്. തന്റെ വരവിന്റെ ഉദ്ദേശവും തന്റെ വരവ് ഇനിയുള്ള ലോകക്രമത്തെ എപ്രകാരം പരുവപ്പെടുത്തണം എന്ന ദർശനവും വംശാവലി മുൻപോട്ട് വയ്ക്കുന്നു.

വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളയുക

വംശാവലിയിൽ ഉടനീളം നിഴലിച്ചു നിൽക്കുന്നത് സ്നേഹം എന്ന വികാരമാണ്. അത് സ്നേഹബന്ധങ്ങളുടെ പട്ടികയാണ്. ക്രിസ്തു മുതൽ ആദം വരെയും അബ്രഹാം മുതൽ ക്രിസ്തു വരെയുമുള്ള രണ്ട് വംശാവലികൾ വായിക്കുമ്പോഴും യഥാർത്ഥത്തിൽ വേർപാടിന്റെ എല്ലാ അതിർവരമ്പുകളും അവിടെ ഇടിച്ചു കളയപ്പെടുകയാണ്. സ്ഥാനമോ മാനമോ നോക്കാതെ ക്രിസ്തുവിന്റെ വംശാവലി പൂർത്തിയാക്കുമ്പോൾ മനുഷ്യാവതാര സംഭവത്തിന്റെ അർത്ഥം സ്വാർത്ഥകമാവുകയാണ്.

ഏദൻ തോട്ടത്തിൽ നടന്ന സൃഷ്ടികർമ്മം മുതൽ ദൈവം മനുഷ്യനെ വഴി നടത്തിയ വിധങ്ങളുടെ കഥയാണത്. മുഴുവൻ വേദപുസ്തക ചരിത്രവും യേശുവിന്റെ വംശാവലിയിൽ സ്വാംശീകരിക്കാം. സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനോടുള്ള അനുപമ സ്നേഹത്തിന്റെ ചരിത്രമാണത്. ഈ അനുപമ സ്നേഹത്തിന്റെ ആസ്വാദകരും ഉപയോക്താക്കളും ആകുക എന്നതാണ് ഈ വംശാവലി മുൻപോട്ടു വയ്ക്കുന്ന സന്ദേശം.

ഞാൻ നിങ്ങളെ സ്നേഹിച്ചത് പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതാകുന്നു എന്റെ കൽപന (യോഹ. 13:34) എന്ന കർത്താവിന്റെ വാക്കുകൾ വംശാവലിയുമായി ചേര്ത്ത് വായിക്കുവാൻ കഴിയണം. രക്ഷാചരിത്രത്തിൽ ദൈവം പ്രകടിപ്പിക്കുന്ന സ്നേഹത്തെ മനസ്സിലാക്കി തുടർന്നുള്ള രക്ഷാചരിത്രത്തിൽ സ്നേഹത്തിന്റെ വാഹകരാകുവാൻ ഉള്ള ആഹ്വാനമാണിത്. യേശു ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങളിൽ പങ്കുകാരായി തന്നോട് രക്തബന്ധത്തിൽ ആകുന്നവർ കൂടുതൽ ഉത്തരവാദിത്വത്തോടെ ജീവിക്കുവാൻ ഉള്ള ആഹ്വാനം വംശാവലി മുൻപോട്ട് വയ്ക്കുന്നു. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൌരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. (എഫേസ്യർ 2:19). ദൈവ മനുഷ്യ സ്നേഹ മാതൃകയിൽ വിഭാഗീയതയുടെ എല്ലാ അതിരവരമ്പുകളും തകർത്ത് പുതിയ സൃഷ്ടിയായി രൂപപ്പെടുവാൻ ഈ വംശാവലി നമ്മെ പ്രേരിപ്പിക്കണം.

യേശുക്രിസ്തുവിന്റെ വംശാവലി കേവലം തന്റെ ജീവചരിത്രം മാത്രം നൽകുന്ന ഒന്നല്ല. മറിച്ച് യേശുക്രിസ്തുവിന്റെ ദൗത്യവും സ്വത്വവും (mission and identity) വെളിപ്പെടുത്തുവാൻ ഈ വംശാവലി നമ്മെ സഹായിക്കുന്നുണ്ട്. തന്റെ വരവിന്റെ ഉദ്ദേശവും തന്റെ വരവ് ഇനിയുള്ള ലോകക്രമത്തെ എപ്രകാരം പരുവപ്പെടുത്തണം എന്ന ദർശനവും വംശാവലി മുൻപോട്ട് വയ്ക്കുന്നു.

❑


Church Calendar

I Came to Call Not the Righteous, but Sinners

Sunday Before Lord's Nativity (Matthew 1:1-17)

Philipose Ramban

(Jyothis Ashram, Abu Road, Rajasthan)



The birth of the Son of God is also a historical truth. Divinity and humanity were equally harmonized in Him. Often, a lack of understanding regarding the names is a great spiritual challenge that confronts us.

When God becomes man, all generations on earth are blessed through that holy birth. By recording the generations from Adam to Jesus, the incarnation of the Word becomes the fulfilment of the divine plan ordained long ago. It is highly significant that the genealogy is designated as the reading for the Sunday before the Lord's Nativity. This genealogy serves as a signpost for certain aspects of our modern life.

We Have No Existence Without Embracing Our Ancestors

Strong roots support trees. Deviating from traditional values leads to moral decay. In the context of Jewish life, it is a common tradition to remember one's forefathers and to record their names in a genealogy to be passed down to future generations. It is with this sense of heritage that Joseph and Mary travel to Bethlehem to be registered for the census before the birth of our Lord.

The pages of the genealogy, from Adam to Abraham, from Abraham to David, from David to the Babylonian exile, and from there to Christ, trace the diverse spiritual journeys of human history. The genealogy can be seen as a call to embrace the spiritual consciousness of the past and as a reminder of God's miraculous guidance, who supported and led His people through various adversities.

The new cannot stand if it forgets the old. Indeed, in the Holy Scripture, we understand the New Testament as the continuation and fulfilment of the Old Testament. We must recognize that the presence of the older generation, seasoned and matured through life's diverse experiences, is a blessing.

In our contemporary society, where the number of old-age homes is increasing excessively, this biblical passage serves as a powerful reminder. You have no existence without embracing your generations. The genealogy should also be a journey that leads us toward the moral values we need to rediscover, inspired by the spiritual discipline, deep prayer life, and awareness of God's presence that our ancestors possessed.

“I Came to Call Not the Righteous, but Sinners”

The Son of Man comes to earth embracing all and granting salvation to everyone. There was no discrimination in our Lord's works of salvation. The Lord Himself has commanded, “I came to call not the righteous, but sinners.”

Like the Gospel of St. Luke, the Gospel of St. Matthew also records the genealogy, framing our Lord's incarnation as part of God’s will working through the generations. In fact, this Gospel begins with the history of the genealogy. When St. Matthew records the genealogy, it is notable that he includes women of distinction. Except for the Mother of God, the Blessed Virgin Mary, the four other women mentioned are among those who were



considered Gentiles or had lost their sanctity through the stain of sin. The genealogy of Jesus Christ makes it clear that He loves sinners while hating sin, and is the Savior of all people, without gender distinction.

As we approach the dawn of our Lord’s holy birth, we too must rise to this spiritual level. In today’s society, where even blood relationships are measured on the scales of money and status, may this season of the holy birth be an opportunity for us to recognize the divine spark in everyone, “to love those who persecute us, to pray for our enemies, and to hold everyone together.”

As we enter the radiant splendour of the Son of God's saving birth, let us remember our ancestors, our roots that sustain us, in the presence of God. Let us stand firm in the true faith they handed down and pass on that lamp of faith unextinguished for generations to come. Let us share the joy of the holy birth with the whole world and unite everyone in God's love, without distinctions of caste, religion, colour, or race. May God's grace strengthen us all for this purpose.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പിറവിയിലെ തെരുവ് സുവിശേഷം

ഫാ. അജീഷ് ബാബു

ആ തെരുവിൽ അവരുടെ ബന്ധുജനങ്ങൾ ഏറെയുണ്ടായിരുന്നു എന്നിട്ടും അവരാരും രാത്രിയിൽ അവരുടെ ഭവനങ്ങളിൽ സ്വീകരിച്ചില്ല, എല്ലാവരും ഉണ്ടായിരുന്നിട്ടും അവർ തികഞ്ഞ ഏകാന്തതയിലായിരുന്നു. കൂടെ നടക്കുന്നവരിൽ സുഹൃത്തുക്കളും നാട്ടുകാരും കൂടെയുണ്ടായിട്ടും കൂടെ നടക്കാതെ അവരെല്ലാം തിരക്കിലായിരുന്നു. സ്വന്തം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ആർക്കാണ് തിരക്ക് കൂടാത്തത്. നമ്മുടെ സങ്കടങ്ങളിൽ കൂട്ടിയിരുന്ന അനേകം ആളുകൾ ഇല്ലേ, അവരുടെ ആവശ്യങ്ങളിൽ നമ്മൾ കൂട്ടിയിരുന്നിട്ടുണ്ടോ? തിരക്കാണ് നമ്മൾക്ക്. തങ്ങളെ ഒഴിവാക്കി കടന്നു പോകുന്നവരെ കുറിച്ചോ, തങ്ങൾക്ക് കൂട്ടിരിക്കാത്തവരെ കുറിച്ചോ അവർക്ക് യാതൊരു പരാതിയുമില്ല. ജോസഫ് മറിയയോട് ചേർന്നാണ് നടക്കുന്നത്. ചേർന്നിരിക്കുന്ന കുടുംബജീവിതത്തിൽ പുറത്തുനിന്നുള്ള ഒറ്റപ്പെടുത്തലുകൾ പുഞ്ചിരിച്ചുകൊണ്ടാണ് അതിജീവിക്കുക. ജോസഫിന്റെ സ്നേഹത്തിൽ വേദനകൾ മറന്നു മറിയം ചിരിക്കുന്നുണ്ട്, കൂടെ മറിയയുടെ ഉദരത്തിലുള്ള കുഞ്ഞായ യേശുവും. തങ്ങൾക്ക് ചുറ്റും അതിവേഗതയിൽ നടന്നുകൊണ്ടിരിക്കുന്ന മനുഷ്യർ തിരക്കുകൾക്കൊപ്പം ഭയത്തിലും ആണ്. കാരണം ഭരണകൂടം അടിച്ചേൽപ്പിച്ച 'പേര് ചേർക്കൽ' എന്ന പുതിയ നയം റോമൻ സാമ്രാജ്യത്തിന്റെ അധികാര മുദ്രപോലെ ദേശത്തിന്റെ വഴികളിൽ തിരക്കും ആശങ്കയും നിറച്ചു. പേര് ചേർക്കൽ, നികുതി കണക്കാക്കാനെന്ന പേരിൽ ഒരു ജനതയുടെ വീടുകളിലേക്കും സ്വപ്നങ്ങളിലേക്കും കടന്നുകയറുന്ന റോമൻ അധികാര രാഷ്ട്രീയത്തിന്റെ ബലം.

'പേരുചേർക്കൽ' എന്ന നയമാണ്. പുരുഷന്മാരുടെ മാത്രം പേര് ചേർക്കാൻ ഭരണകൂടം ഉത്തരവിട്ടിരിക്കുകയാണ്. ഒരുപക്ഷേ ആ തെരുവിൽ നടന്നു നീങ്ങുന്നത് മറിയയെ ഒഴിച്ചാൽ ബഹുഭൂരിപക്ഷം പുരുഷന്മാരാണ്. എന്തിനുവേണ്ടി ആകാം ഈ പേര് ചേർക്കൽ? റോമൻ സാമ്രാജ്യം തന്റെ വിസ്തമായ സാമ്രാജ്യത്തെ നിയന്ത്രിക്കാൻ സ്ഥിരമായ വരുമാനമാവശ്യമായിരുന്നു. മനുഷ്യരെ രജിസ്റ്റർ ചെയ്യുന്നത് നികുതി കണക്കാക്കുന്നതിനും വിതരണം ഉറപ്പാക്കുന്നതിനുമായിരുന്നു. എത്ര പേർ ജീവിക്കുന്നു?, അവരുടെ ഭൂമിയുടെയും സ്വത്തിന്റെയും കണക്കുകൾ എന്ത്?, ആരിൽ നിന്ന് എത്ര നികുതി ഈടാക്കണം? ഇവയെല്ലാം നിർണ്ണയിക്കാൻ പേർ ചേർക്കൽ നിർബന്ധമായിരുന്നു. ഭരണകൂടം സൃഷ്ടിച്ചിരിക്കുന്ന തിരക്ക് ജോസഫിന്റെയും മറിയയുടെയും ചുറ്റുമുണ്ട്. പക്ഷേ അവർ തിരക്കുള്ള വഴിയിലും ഒറ്റപ്പെട്ടാണ് നിൽക്കുന്നത്. തിരക്കുള്ളപ്പോഴും ഏകാന്തതയിൽ അവർ മനസ്സുകൊണ്ട് അനുഭവിക്കുന്ന തെരുവിലെ ഒരു വിജനതയുണ്ട്. പരിഗണനകൾ ഇല്ലാതെ പോകുമ്പോൾ ഏതു ജനക്കൂട്ടത്തിന്റെ മധ്യേയും മനസ്സുകൊണ്ട് വിജനതകൾ അനുഭവിക്കേണ്ടി വരും, പക്ഷേ അവർ വിജനതയുടെ തെരുവിൽ ഏകാന്തതകളിൽ എടുക്കുന്ന തീരുമാനങ്ങൾ കരുത്തുള്ളതാണ്.

''സത്രത്തിൽ ഇടമില്ല.'' ഇത് പറയുമ്പോൾ മറിയയുടെയും ജോസഫിന്റെയും ജീവിതത്തിൽ കേട്ട ഏറ്റവും കഠിനമായ വാക്കായിരുന്നു. വേദനകൾ ശരീരത്തെ വലിഞ്ഞുമുറുക്കുമ്പോഴും അതിനേക്കാൾ സങ്കടങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നത് ഇത്തരത്തിലുള്ള വാക്കുകളാണ്. തങ്ങൾക്ക് മുന്നേ നടന്നവരും തങ്ങളുടെ ദേശക്കാരും പരിചയക്കാരും ഒക്കെ സത്രത്തിൽ വിശ്രമത്തിലാണ്. ആരും ഗർഭിണിയായ ഒരു സ്ത്രീക്ക് വേണ്ടി തങ്ങളുടെ ഉറക്കക്കിടക്ക് വിട്ടുകൊടുക്കാൻ തയ്യാറല്ല. അടച്ചുകളഞ്ഞ ബന്ധുക്കളുടെ ബന്ധത്തിന്റെ ക്രൂരത ആ രാത്രിക്ക് ഭയാനതകൾ കൂട്ടുന്നു. ഇനിയൊരുപക്ഷേ ഇവരുടെ പിറകിൽ സത്രത്തിൽ (Inn) ഇടമില്ലാതെ സഞ്ചരിക്കേണ്ടി വന്നവർ ഉണ്ടായിരിക്കാം.

തണുപ്പിന്റെ ആഴം വേഗത്തിൽ അവർക്ക് മറ്റു സത്രങ്ങളിലേക്കോ, തങ്ങൾക്ക് സുരക്ഷിതത്വം കിട്ടുന്ന കേന്ദ്രങ്ങളിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ് അതിനിടയിൽ ഈ തെരുവിൽ ഒറ്റപ്പെട്ടുപോയ മനുഷ്യരെ കാണാൻ ആർക്കാണ് സമയം. കൂടില്ലാത്ത കൂട്ട് ഇല്ലാത്ത തെരുവിൽ അവർ ഒറ്റപ്പെട്ടു.

സച്ചിദാനന്ദന്റെ "തിരക്ക്" എന്ന കവിതയിൽ തിരക്കിനകത്തെ ഏകാന്തത വായനയിൽ തെളിഞ്ഞു വരുന്ന ഒന്നാണ്. നഗരം ശബ്ദങ്ങളുടെ ദ്വീപായിരുന്നു.

ഓടിക്കൊണ്ടിരിക്കുന്ന കാൽവഴി, വിളിച്ചുപറയുന്ന ട്രാഫിക്, മിന്നിമറയുന്ന ബോർഡുകൾ, നിറഞ്ഞുപൊന്തുന്ന മനുഷ്യരുടെ തിരക്ക്. പക്ഷേ ആ തിരക്കിന്റെ നടുവിൽ നിൽക്കുന്ന അവൻ മാത്രം, അതിലൊന്നും പെട്ടുപോയില്ല. എല്ലാവരും കാണപ്പെടുന്നവരും കേൾക്കുന്നവരും ആയിരുന്നു, പക്ഷേ ആരും ആരുടേയും ഉള്ളിലേക്ക് കടന്നെത്തുന്നില്ല. ആളുകളുടെ ഭാരം തോളിൽ തട്ടിയൊഴുകിയപ്പോൾ പോലും, മനസ്സിന്റെ ഉള്ളിലെ ശൂന്യതയിലേക്ക് തനിക്കു പോലും വഴികണ്ടെത്താനായില്ല. തനിക്കു ചുറ്റുമുണ്ടായിരുന്നത് ആളുകളായി



രുന്നു പക്ഷേ തനിക്കുള്ളിൽ പതുക്കെ വളരുന്നത് ഒരു ശബ്ദമില്ലാത്ത ഏകാന്തത മാത്രം.

ഈ കാലമത്രയും നക്ഷത്രവിളക്കിന്റെ വെളിച്ചത്തിൽ പാടിയ പാട്ടുകൾ, ആടിയ നൃത്തച്ചുവടുകൾ, പകർന്ന സമാനതകളില്ലാത്ത സന്തോഷം എല്ലാം, എല്ലാം അന്ന് കൂട്ടിരിക്കാൻ മറന്നുപോയവരുടെ അനുതാപത്തിന്റെ ലക്ഷണമായി തിരിച്ചറിയുന്നത് ഏറെ നല്ലതായിരിക്കും. തെരുവിൽ ഒറ്റപ്പെട്ടത് മറിയവും ജോസഫും ദൈവത്തെ രണ്ട് കരങ്ങളിലും സ്വീകരിക്കുമ്പോൾ പുതിയ ബന്ധത്തിന്റെ വാതിൽ ദൈവം ഭൂമിക്ക് നേരെ തുറന്നിടുന്നു. ഒറ്റപ്പെട്ട ആ രാത്രി നിശബ്ദമാകുമ്പോൾ ഇവരെ കാണാതെ കടന്നു പോകുന്നവരുടെ, വാതിൽ തുറക്കാത്തവരുടെ രാത്രി മനുഷ്യചരിത്രത്തിലെ സംഘമായി പോകുന്ന ജനസംഘത്തിന്റെ ഭാഗ്യംകെട്ട രാത്രിയാണ്. മറിയത്തെ കാണാതെപോയ സ്ത്രീകളും, ജോസഫിനെ കാണാതെപോയ പുരുഷന്മാരും ശിശുവിനെയും കാണാതെ പോയി.

മറിയം എങ്ങനെ കരുത്തുള്ളവളായി മാറി, ഒരു സ്ത്രീ താൻ ഒച്ചവെച്ച് കരഞ്ഞാലും ആ തേങ്ങൽ കേൾക്കാനോ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കാനോ ഈ ലോകത്ത് ആരുമില്ല എന്നൊരു ഭീകരമായ ശൂന്യതയിൽ നിന്നാണ് ഓരോ സ്ത്രീയും തന്റെ ജീവിതം വീണ്ടും തുടങ്ങുന്നത്.

ആരും തുണയില്ലാത്ത ആ തോന്നൽ, അവളുടെ ഉള്ളിലെ വലിയൊരു ശക്തിയായി മാറും. തന്റെ കണ്ണീരു തുടയ്ക്കാൻ മറ്റൊരാൾ വരില്ലെന്ന തിരിച്ചറിവിൽ, അവൾ സ്വന്തം കൈകൾ കൊണ്ട് തന്നെ തന്റെ ജീവിതം തുന്നിച്ചേർക്കാൻ പഠിക്കുന്നു. പുറംലോകം അറിയാത്ത ഒരു തീവ്രമായ നിശ്ശബ്ദതയിൽ നിന്നാണ്, അവൾ തന്റെ അതിജീവനത്തിന്റെ പുതിയ ആകാശങ്ങൾ വരച്ചു തുടങ്ങുന്നത്.

സ്വന്തം ഭാര്യയുടെ പ്രസവ ശുശ്രൂഷയിൽ ധ്യാനപൂർവ്വം പങ്കുചേർന്ന ഭർത്താവിന്റെ ജീവിതം വെളിപ്പെടുത്തുന്ന ദിവസം കൂടിയാണ് യേശുവിന്റെ ജനന ദിവസം, അതും തെരുവിൽ. എല്ലാ വീട്ടിലും പോയി യേശുവിന്റെ ജനനത്തെക്കുറിച്ച് പാടുമ്പോൾ നടന്നു പോകുന്ന വഴികൾ മറന്നുപോകരുത്.

നിലവെളിച്ചം ഏറെയുള്ള രാത്രിയിൽ പലായനം നടന്നുകൊണ്ടിരിക്കുന്ന തിരക്കുള്ള തെരുവിൽ ഇവർ (മറിയം, ജോസഫ്) മാത്രം എന്താണ് ഇങ്ങനെ ഒറ്റയ്ക്കായത്.

എല്ലാ മൗനങ്ങളെയും വാചാലമാക്കുന്ന ദൈവത്തിന്റെ മാലാഖമാരായ അയൽക്കാർക്കൊപ്പം ഈ ക്രിസ്മസ് നക്ഷത്രവിളക്കുകൾ ഉയർത്തിക്കെട്ടാം. വിജനമായ തെരുവുകളുടെ നടുവിലും നമ്മെ കാണുന്ന ഒരു ദൈവം ഇന്നും നടക്കുന്നു.

❑



മാർ ഒസ്താത്തിയോസ് സ്നേഹം പ്രസരിപ്പിച്ച ഗുരു: ഷൗക്കത്ത്

തിരുവല്ല: മാർ ഒസ്താത്തിയോസ് സ്നേഹം പ്രസരിപ്പിച്ച ഗുരുവാണെന്നും, അതിരുകളില്ലാതെ എല്ലാവരെയും നിസ്വാർത്ഥം സ്നേഹിച്ച അദ്ദേഹം ആശയങ്ങളേക്കാൾ ആവിഷ്കാരത്തിന് പ്രാധാന്യം നൽകിയെന്നും പ്രശസ്ത ചിന്തകനും സാഹിത്യകാരനുമായ ഷൗക്കത്ത് പറഞ്ഞു. മാർ ഒസ്താത്തിയോസ് സ്മാരക പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച പ്രഭാഷണ സമ്മേളനം വാഴൂർ തീർത്ഥപാദപുരം ആശ്രമം മഠാധിപതി പ്രജ്ഞാനാനന്ദ തീർത്ഥപാദ സ്വാമികൾ ഉദ്ഘാടനം ചെയ്തു. പ്രഭാഷണങ്ങൾ പ്രവർത്തിയായി മാറുമ്പോളാണ് അർത്ഥമുണ്ടാകുന്നത് എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. അഡ്വ ബിജു ഉമ്മൻ, ഫാ. ബിബിൻ മാത്യു, റിനോജ് ജോർജ്ജ്, ജോജി ജോർജ്ജ്, രോഹിത് കൊച്ചുതെക്കേതിൽ തുടങ്ങിയവർ പ്രസംഗിച്ചു.



എഴുത്തിന്റെ ലോകത്തെ വാതായനങ്ങൾ തുറന്നിട്ട് എം ഒ സി പബ്ലിക്കേഷൻ ഏകദിന സാഹിത്യ ശില്പശാല പരുമലയിൽ നടന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷന്റെ ആഭിമുഖ്യത്തിൽ എഴുത്തുകാരുടെ സംഗമവും, സാഹിത്യ ശില്പശാലയും പരുമല സെമിനാരിയിൽ നടന്നു. സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി എഴുത്തിന്റെയും, സാഹിത്യത്തിന്റെയും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അമ്പതോളം പേർ സമ്മേളനത്തിൽ സംബന്ധിച്ചു. എം.ഒ.സി. പബ്ലിക്കേഷൻ അധ്യക്ഷൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. എഴുത്തിന്റെയും സാഹിത്യത്തിന്റെയും തനത് ശൈലികളുടെ പുനരാവർത്തനം അല്ല പുതിയ വെളിച്ചം താങ്കളുടേതായ മേഖലകളിൽ കണ്ടെത്തുക എന്നതാണ് ഓരോ എഴുത്തുകാരന്റെയും സാഹിത്യകാരന്റെയും കലാകാരന്റെയും പ്രധാന ലക്ഷ്യം. അത്തരത്തിൽ ലാഭേച്ഛയും, പ്രതിഫലേച്ഛയുമില്ലാതെ പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ എം.ഒ.സി. പബ്ലിക്കേഷൻ ഒരുക്കം ആണെന്നും ഉദ്ഘാടന പ്രസംഗത്തിൽ മെത്രാപ്പോലീത്താ പറഞ്ഞു. ഡോ. പോൾ മണലിൽ യോഗത്തിന് അധ്യക്ഷൻ വഹിച്ചു. എഴുത്തിന്റെ ലോകത്ത് 50 വർഷം പൂർത്തീകരിച്ച പ്രമുഖ കഥാകൃത്ത് ശ്രീ. ജോൺ സാമുവലിന്റെ സമ്മേളനത്തിൽ ആദരിച്ചു. റവ. ഡോ. മാത്യൂ ഡാനിയൽ ക്രിസ്തുദർശനം സാഹിത്യത്തിൽ വിഷയം ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തി. പ്രശസ്ത കഥാകൃത്ത് അയ്മനം ജോൺ കഥയെഴുത്തിന്റെ വഴികൾ എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി പ്രഭാഷണവും, തുടർന്ന് സംവാദവും നടന്നു.

ഫാ. ജോൺ സ്ലീബാ, ഫാ. രെജു പി. കോശി, ഡോ. ജേക്കബ് മണ്ണുംമുട്, ഷിൻസ് പീറ്റർ, ലിലിറ്റ് ആൻ വർഗീസ്,ആൻസി ജെയിംസ്, ഏബൽ ജോൺസൺ, ജോയൽ ജോർജുകുട്ടി, സുനി സോളൂ എന്നിവർ പങ്കെടുത്തു.

ഉച്ചയ്ക്ക് ശേഷം നടന്ന സെഷനിൽ വിവിധ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചവരെയും, യുവ എഴുത്തുകാരെയും ആദരിച്ചു. ഫാ. ഡോ.റജി മാത്യൂസ്, ഡോ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പ, ഫാ. യൂഹാനോൻ, ബേബി ജോൺ താമരവേലിൽ, രഞ്ജു പി. മാത്യു, വി. എഫ്. ബാബു, സി. സി. ചെറിയാൻ, ജോസ് ചെമ്മണ്, ചെമ്മണ്, കോന്നിയൂർ എം.എം.പി, അഡ്വ. വർഗീസ് പി. തോമസ്, പ്രീത് ചന്ദനപ്പള്ളി തുടങ്ങിയ പ്രമുഖർ യോഗത്തിൽ സംബന്ധിച്ചു. ഫാ. ജോസഫ് കുര്യാക്കോസ് പാമ്പാടികണ്ടത്തിൽ നന്ദി പ്രകാശിപ്പിച്ചു.



ഭാരതിയാർ സർവ്വകലാശാലയിൽ നിന്നും ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സ്റ്റഡീസിൽ പിഎച്ച്.ഡി. നേടിയ മിൻസി ദീപൻ തോമസ് (അധ്യാപിക, ബഹ്റൈൻ). ബഹ്റൈൻ സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്. ഭർത്താവ്: കല്ലൂപ്പാറ മൂത്തേടത്ത് കൊണ്ടൂർ ദീപൻ ഉമ്മൻ തോമസ്. കല്ലൂപ്പാറ കടമാങ്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയാണ് മാതൃ ഇടവക.



മലങ്കരസഭയിലെ ആദ്യ സന്യാസ ഭവനവും പരിശുദ്ധ പരുമല കൊച്ചു തിരുമേനിയുടെ പാദസ്പർശത്താൽ പരിപാവനമാക്കപ്പെട്ടതുമായ വെട്ടിക്കൽ ദയറായുടെ തൊള്ളായിരം വർഷ ആഘോഷങ്ങളുടെ ഭാഗമായി പാവപ്പെട്ട കിഡ്നി രോഗികൾക്ക് 50 ഡയാലിസിസ് നടത്തുന്നതിനുള്ള സാമ്പത്തിക സഹായം വരിക്കോലി ഗ്രിഗോറിയൻ ഡയാലിസിസ് സെന്റർ സ്ഥാപക ഡയറക്ടർ ഫാ ഡോ. റ്റി പി. ഏലിയാസ് പൗരോഹിത്യ കനക ജൂബിലി നിറവിൽ പരിശുദ്ധ ബാസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായിൽ നിന്നും ഏറ്റുവാങ്ങുന്നു



മരിയൻ പ്ലേ ഹോം സ്കൂളിൽ നടന്ന ക്രിസ്മസ് ആഘോഷം അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്തു. സംവിധായകൻ ലാൽ ജോസ് ക്രിസ്മസ് സന്ദേശം നൽകി. തന്റെ ജീവിതത്തിൽ ഏറ്റവും ഹൃദയസ്പർശിയായി ക്രിസ്മസ് ആഘോഷമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് കുട്ടികളുടെ കലാവിരുന്ന് നടത്തി.



മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ

ഇടുക്കി: ഇടുക്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർണബാസിന്റെ ഓർമ്മപ്പെരുന്നാൾ ഗസ്തിമോൻ അരമന ചാപ്പലിൽ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ മുഖ്യ കാർമികത്വത്തിൽ ആചരിച്ചു.

അന്നേ ദിവസം ഇടുക്കി മെത്രാസനം കുടുംബ സംഗമം ഭദ്രാസന മെത്രാപ്പോലീത്താ സഖറിയ മാർ സേവേറിയോസിന്റെ അദ്ധ്യക്ഷതയിൽ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ സോണൽ മത്സര വിജയികൾക്ക് സമ്മാനം നൽകി. ബർണബാസ് തിരുമേനിയേ കുറിച്ച് ചെല്ലാർകോവിൽ സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗം മറിയാമ്മ ഏലിയാസ് കുത്തതയിൽ എഴുതിയ 'മലമടക്കിലെ പ്രകാശം' എന്ന പുസ്തകം തീമോത്തിയോസ് മർത്തമറിയം സമാജത്തിന്റെ കേന്ദ്ര സെക്രട്ടറി പ്രൊഫ. മേരി മാത്യുവിന് നൽകി പ്രകാശം ചെയ്തു. തുടർന്ന് എൻ ക്രിസ്റ്റോ ഫൗണ്ടേഷൻ ഫാ. സജി മേക്കാട്ട് -ജോർജ്ജ് പുളിക്കൻ & ടീം നയിച്ച ക്ലാസും നടത്തപ്പെട്ടു.



മാത്യൂസ് മാർ ബർണബാസിന്റെ 13-ാം ഓർമ്മപെരുന്നാളിൽ സംബന്ധിക്കുന്നതിനായി എത്തിയ ബ്രിട്ടീഷ് പൗരൻ കോളിനെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളിക്കാർപോസ് പൊന്നാട അണിയിച്ചു ആദരിച്ചു.



കെസിസി പത്തനംതിട്ട ജില്ല വൈദിക ജില്ല സംഗമം മൈലപ്ര മാർ കുറിയാക്കോസ് ആശ്രമ ചാപ്പലിൽ ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്യുന്നു.



മാർ ഈവാനിയോസിന്റെ മാതാവ് അന്തരിച്ചു

ഡോ. തോമസ് മാർ ഈവാനിയോസിന്റെ മാതാവ് ചേന്നംകരി പുല്ലുപറമ്പിൽ അന്നമ്മ ചാക്കോ അന്തരിച്ചു. സംസ്കാര ശുശ്രൂഷ ചേന്നംകരി സെന്റ് തോമസ് ദേവാലയത്തിൽ നടന്നു.

വിദ്യാർഥികൾ നിർമിച്ച റോക്കറ്റ് വിക്ഷേപിച്ചു

പീരുമേട്: മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ വിദ്യാർഥികൾ നിർമിച്ച റോക്കറ്റ് വിക്ഷേപിച്ചു. കോളജിന്റെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർഥികൾ നിർമിച്ച ടെക്നോളജി ഡെമോൺസ്ട്രേറ്റർ റോക്കറ്റ് ബസിലിയൻ-01 ഇന്ന് രാവിലെ 10.30-നു കോളജ് ഗ്രൗണ്ടിൽ നിന്നു വിക്ഷേപിച്ചു. കേരളത്തിൽ ആദ്യമായാണ് ഒരു വിദ്യാഭ്യാസ സ്ഥാപനം പഠനത്തിന്റെ ഭാഗമായി വിദ്യാർഥികളുടെ പൂർണ പങ്കാളിത്തത്തോടെ റോക്കറ്റ് നിർമിക്കുന്നതെന്നു കോളജ് മാനേജ്മെന്റ് അറിയിച്ചു. രണ്ടരക്കിലോ ഭാരമുണ്ട് റോക്കറ്റിന്. സമുദ്രനിരപ്പിൽ നിന്ന് 2 കിലോമീറ്റർ വരെ ഉയരത്തിൽ എത്തുന്ന റോക്കറ്റ്, പാരഷൂട്ട് വിടർത്തിയാകും തിരിച്ചെത്തിക്കുക.

സുഗന്ധവ്യഞ്ജനങ്ങൾ നന്നായി വളർത്തിയെടുക്കാൻ സഹായിക്കുന്ന അന്തരീക്ഷ കണികയായ എയറോസോളിനെക്കുറിച്ചുള്ള പഠനവും കുട്ടിക്കാനത്തെ അന്തരീക്ഷ താപനിലയുടെ പഠനവും റോക്കറ്റ് വിക്ഷേപണത്തിലൂടെ സാധ്യമാകും. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സിവിൽ എൻജിനീയറിങ് എന്നിവയുൾപ്പെടുന്ന വിവിധ വകുപ്പുകളിലെ വിദ്യാർഥികൾ ചേർന്നാണ് റോക്കറ്റിന്റെ രൂപകൽപനയും നിർമാണവും പരീക്ഷണഘട്ടങ്ങളും പൂർത്തിയാക്കിയത്.

ഐഎസ്ആർഒയിലെ മുൻ ശാസ്ത്രജ്ഞനും കോളജിന്റെ ഗവേഷണ വിഭാഗം ഡീനുമായ ഡോ. ഉമ്മൻ തരകന്റെ നേതൃത്വത്തിലാണു പദ്ധതി യാഥാർഥ്യമായത്. ഗ്രൗണ്ട് സ്റ്റേഷനിലൂടെ നിയന്ത്രണവും ഡേറ്റ ശേഖരണം നടത്താൻ കഴിയുന്ന സംവിധാനവും വിദ്യാർഥികൾ ഒരുക്കിയിട്ടുണ്ട്.